GC–XV–11/2014

# കേരള കാർഷിക സർവ്വകലാശാല

വെള്ളാനിക്കര, തൃശൂർ

# പ്രത്യേക ജനറൽ കൗൺസിൽ യോഗം

## നടപടിക്കുറിപ്പുകൾ

സ്ഥലം : ബാങ്കറ്റ് ഹാൾ, ഗവൺമെന്റ് ഗസ്റ്റ് ഹൗസ്
തൈക്കാട്, തിരുവനന്തപുരം

തീയതി : 2014 മാർച്ച് 18, ചൊവ്വാഴ്ച

# കേരള കാർഷിക സർവ്വകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശൂർ – 680656

നമ്പർ ജി.എ./ജി1/1077/2014 തിയ്യതി: 30.06.2014

പ്രേഷിതൻ

രജിസ്ട്രാർ

സ്വീകർത്താവ്

കേരള കാർഷിക സർവ്വകലാശാല
ജനറൽ കൗൺസിൽ അംഗങ്ങൾക്ക്

സർ,

വിഷയം:- കേരള കാർഷിക സർവ്വകലാശാല – പ്രത്യേക ജനറൽ കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അയയ്ക്കുന്നത് സംബന്ധിച്ച്.

************

18.03.2014 ന് തിരുവനന്തപുരത്തുള്ള തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വെച്ച് കൂടിയ പ്രത്യേക ജനറൽ കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ താങ്കളുടെ അറിവിലേക്കായി ഇതോടൊപ്പം അയക്കുന്നു.

വിശ്വസ്തതയോടെ,

രജിസ്ട്രാർ

## 18/3/2014 ന് തിരുവനന്തപുരം തൈക്കാട് ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ വെച്ചു കൂടിയ പ്രത്യേക ജനറൽ കൗൺസിൽ യോഗത്തിന്റെ നടപടികുറിപ്പുകൾ

പങ്കെടുത്തവർ:

1. പ്രൊഫസർ (ഡോ.)പി.രാജേന്ദ്രൻ, വൈസ് ചാൻസിലർ
2. ശ്രീ. എം.പി. വിൻസന്റ്, എം.എൽ.എ
3. ശ്രീ. ഐ.സി ബാലകൃഷ്ണൻ, എം.എൽ.എ
4. ശ്രീ. തോമസ് ഉണ്ണിയാടൻ, എം.എൽ.എ
5. ശ്രീ.ഇ.കെ പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി (ഫിനാൻസ് വകുപ്പ്)
6. ശ്രീ.പി.എ സലാം
7. ശ്രീമതി.ബേബി ബാലമ്പ്രത്ത്
8. ഡോ.ജോസ് ജോസഫ്
9. ശ്രീ.എൻ.എൽ ശിവകുമാർ
10. ശ്രീ. കെ.ഗിരീന്ദ്രബാബു
11. ഡോ. എസ്.ദേവനേശൻ.
12. ഡോ.ആർ കൃഷ്ണകുമാർ
13. ഡോ.ആർതർ ജേക്കബ്.ജെ
14. ശ്രീ.അവിനാശ് റെജി തോമസ്
15. ശ്രീ.ഐ.കെ.രവീന്ദ്രരാജ്
16. ഡോ.മേരി റജിന.എഫ്
17. ശ്രീ.വി.വി മുരളീധരൻ
18. ഡോ. വി.എം.അബ്ദുൾ ഹക്കീം
19. ശ്രീമതി. രമണിഭായ് പി.എ
20. ശ്രീ.ഫ്രാൻസിസ് കൊമ്പാറ
21. ശ്രീ.പി.ജി. ബാബുരാജ്
22. ശ്രീ.അച്ചുത് ജെ.ശങ്കർ
23. ശ്രീ.കെ.സുനിൽകുമാർ
24. ഡോ.അനിൽകുമാർ.എ
25. ഡോ.ജിജു.പി.അലക്സ്
26. ശ്രീ. സത്യശീലൻ.വി.എസ്
27. പ്രൊഫസർ (ഡോ.) ഇ.കെ.മാത്യു, രജിസ്ട്രാർ & എക്സ് - ഒഫീഷ്യോ സെക്രട്ടറി

വൈസ് ചാൻസിലർ പ്രൊഫസർ (ഡോ.) പി.രാജേന്ദ്രന്റെ അദ്ധ്യക്ഷത യിൽ രാവിലെ 9 മണിയ്ക്ക് യോഗം ആരംഭിച്ചു.

'കാർഷിക സർവ്വകലാശാലയുടെ സ്പെഷ്യൽ ജനറൽ കൗൺസിൽ യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുകയാണ്. ഇങ്ങനെ ഒരു സ്പെഷ്യൽ ജനറൽ കൗൺസിൽ വിളിച്ചു കൂട്ടാനുണ്ടായ സാഹചര്യം നമുക്കെല്ലാവർക്കും അറിയാവുന്നതുമാണ്. കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റും career advancement Promotion നും നടത്തുന്നതിനുവേണ്ടി സ്റ്റാറ്റ്യൂട്ട് amendment അനിവാര്യമായിരിക്കുന്ന ഒരു അവസ്ഥയിലാണ് നമ്മൾ ഇങ്ങനെയൊരു സ്പെഷ്യൽ ജനറൽ കൗൺസിൽ യോഗം വിളിച്ചുകൂട്ടിയത്. ഇതുമായി ബന്ധപ്പെട്ട് നടപടികൾ ഏതാണ്ട് ഒന്നരവർഷവും മുമ്പുതന്നെ നമ്മൾ എടുത്തു

തുടങ്ങിയതാണ്. പല കാരണങ്ങളാൽ അത് പൂർണ്ണതയിലെത്തിക്കുവാൻ കഴിഞ്ഞില്ല. അതിന്റെ പല ഘട്ടങ്ങൾ വളരെ progressive ആയി നമ്മൾ ചെയ്തുകൊണ്ടിരുന്നു. അവസാനം അത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ recommendation നോടുകൂടി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വരികയും, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അഭിപ്രായത്തോടുകൂടി ജനറൽ കൗൺസിലേക്ക് എത്തുകയുമാണ് ഉണ്ടായിരിക്കുന്നത്. അതിൽ ചില പോസ്റ്റുകളിൽ, ചില തസ്തികകളുടെ കാര്യത്തിൽ ചില സംശയങ്ങളും പറയുകയുണ്ടായി . അപ്പോൾ അതുകൂടി ചേർത്ത് തുടർന്നുള്ള കമ്മിറ്റികളിൽ ബാക്കിയുള്ള കാര്യങ്ങൾ വെക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ന് ഇവിടെ കേവലം അഞ്ച് തസ്തികകളുമായി ബന്ധപ്പെട്ട് സ്റ്റാറ്റ്യൂട്ടിന്റെ ചർച്ചയാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ചർച്ചയിൽ സജീവമായി പങ്കെടുക്കുകയും ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ സ്റ്റാറ്റ്യൂട്ട് അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരത്തിന് അയക്ക ണമെന്നാണ് എന്റെ അഭ്യർത്ഥന. കൂടുതലായി ഇതിനെക്കുറിച്ച് ഒന്നും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ അജണ്ട ഐറ്റംസ് ഓരോന്നായി എടുത്ത് ചർച്ചചെയ്ത് അതിനു വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കണമെന്ന അഭ്യർത്ഥനയോടെ ചർച്ചയിലേക്ക് കടക്കുകയാണ്. മറ്റ് അജണ്ടകളൊന്നും ഇല്ലാത്തതിനാൽ നേരിട്ടു തന്നെ ഇതിന്റെ ചർച്ചയിലേക്ക് പോകണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. items ഓരോന്നായി എടുക്കാവുന്നതാണ്.'' അദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു.

'' എനിക്ക് അതിനു മുമ്പ് ഒരു ക്രമ പ്രശ്നം ഉന്നയിക്കാനുണ്ട്. ഞാൻ സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റിയുടെ ചെയർപേഴ്സനാണ്. സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റി ജനറൽ കൗൺസിൽ constitute ചെയ്തതാണ്. അപ്പോൾ അതിന് അതിന്റേതായ എല്ലാ ജനാധിപത്യ അധികാരങ്ങളും ഉണ്ട് എന്നു ഞാൻ വിശ്വസിക്കുന്നു. പക്ഷേ പലപ്പോഴും പല മീറ്റിങ്ങുകളിലും , ചെയർമാനും കമ്മിറ്റിയുമാണ്, മീറ്റിംങ്ങ് എന്ന് കൂടണം എന്നൊക്കെ തീരുമാനിക്കേണ്ടത് എന്നാണ് ഞാൻ ധരിച്ചിരിക്കുന്നത്. പക്ഷേ പല തവണയായി; അത് ഒന്നു രണ്ടു തവണ ഞാൻ വൈസ് ചാൻസിലറോട് സംസാരിച്ചിരുന്നു, അത് മാറ്റി വെച്ചു. നാളെ സബ്കമ്മിറ്റിയുടെ ഒരു മീറ്റിംങ്ങ് കൂടുവാൻ തീരുമാനിച്ചിരുന്നു. അത് ഏക പക്ഷീയമായി ബഹുമാനപ്പെട്ട വൈസ് ചാൻസിലർ മാറ്റി വെച്ചു എന്നാണ് അറിയുന്നത്. അത് തീർച്ചയായും അനുവദിക്കുവാനാവില്ല. കാരണമെന്താണെന്നാൽ ഒരു ജനാധിപത്യ കമ്മിറ്റി ജനറൽ കൗൺസിൽ നിർമ്മിച്ച് കഴിഞ്ഞാൽ അതിന് അതിന്റേതായ അധികാരം ഉണ്ട് എന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നത്. അതിൽ കൈകടത്തുവാൻ വൈസ് ചാൻസിലർക്ക് അധികാരമുണ്ടോ എന്ന് എനിക്കറിയില്ല. സാധാരണ ഗതിയിൽ അങ്ങനെയില്ല. പക്ഷേ ഇപ്പോൾ നമുക്ക് നമ്മുടെ അഭിമാനത്തെ കൂടി ചോദ്യം ചെയ്യുന്ന തരത്തിലുള്ള ഒരു കാര്യമാണ് അതെന്ന് തോന്നുന്നു. ഈ കമ്മിറ്റിയിൽ വരുന്നത് TA വാങ്ങുന്നതിനോ DA വാങ്ങുവാനോ അതുകൊണ്ട് ജീവിക്കാനോ ആണ് എന്ന് നമ്മളാരും വിചാരിക്കുന്നില്ല. അത് അങ്ങനെയല്ല എന്നുള്ളതാണ് വാസ്തവം. അത് ഒരു കാര്യം നാളത്തെ കമ്മിറ്റി എങ്ങനെയാണ് വൈസ് ചാൻസിലർ മാറ്റിവെച്ചത് എന്ന് എനിക്ക് അറിയുവാൻ ആഗ്രഹമുണ്ട്? പിന്നെ സ്റ്റാറ്റ്യൂട്ടിൽ പറഞ്ഞ മാറ്റങ്ങൾ നമ്മൾ ചെയ്തതല്ല. വിസി തന്നെ പല തവണ എന്നോട് പറഞ്ഞിരുന്നു. ഇവിടെ പല സ്റ്റാറ്റ്യൂട്ടും ആവശ്യമാണ് എന്ന് വിസി പറഞ്ഞത് അനുസരിച്ച് ആ കാരണത്താൽ എത്രയോ ദിവസം എല്ലാകാര്യങ്ങളും ഞങ്ങളുടെ കമ്മിറ്റി ഇരുന്ന് പഠിച്ച് ചർച്ചചെയ്ത് ഇവരെ വിശദമായി ചർച്ചചെയ്താണ് അതിന്റെ സ്റ്റാറ്റ്യൂട്ട് ഭേദഗതികളും അംഗീകരിച്ച് വിട്ടത്. പക്ഷേ അങ്ങനെയെന്തെങ്കിലും വ്യത്യാസം വരുത്തണമെങ്കിൽ ഞാൻ മനസ്സിലാക്കിയിരിക്കുന്നത്, അത് refer back ചെയ്യണമെന്നാണ്. പക്ഷേ അങ്ങനെയല്ല ഉണ്ടായത് അതും പിന്നെ ഞങ്ങൾക്ക് തിരിച്ച് അയക്കാത്ത ഞങ്ങൾ

പറയാത്ത മാറ്റങ്ങൾ ഇതിൽ കാണുന്നുണ്ട്. അത് ഒരു കാര്യം, അതുകൊണ്ടുതന്നെ ഇനിയിവിടെ കാണുന്ന കാര്യങ്ങൾ പഠിക്കാതെ പാസാക്കുവാൻ പറ്റും എന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും അത് അംഗങ്ങൾക്ക് വിടുന്നു എന്നാണ് എന്റെ അഭിപ്രായം. എന്റെ അഭിപ്രായം തീർച്ചയായും അത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിലേക്ക് തിരിച്ചുവരികയും അത് മനസ്സിലാക്കുകയും അതിലെന്തെങ്കിലും സത്യം ഉണ്ടോ എന്നുള്ളത് പഠിക്കുകയും ചെയ്യണമെന്നുള്ളതാണ്. അതേ പോലെ Non Teaching Staff ന്റെ സ്റ്റാറ്റ്യൂട്ട് വെക്കണം എന്നുള്ളതു പ്രമേയം കൊടുത്തിരിക്കുന്നതാണ് . അത് ഇവിടെ കാണുന്നുമില്ല. ഇതിന്റെയൊക്കെ കാരണം എന്താണെന്നുള്ളത് വിസി മറുപടി പറയണം എന്നു ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയാണ്.'' ശ്രീമതി.പി.എ. രമണീഭായ് പറഞ്ഞു'' .

''ബഹുമാനപ്പെട്ട അംഗം പറഞ്ഞ രണ്ടു കാര്യങ്ങൾ പ്രസക്തമാണ്. ആദ്യത്തേത് എന്തുകൊണ്ട് നാളെ വെച്ചിരുന്ന സ്റ്റാറ്റ്യൂട്ട് കമ്മിറ്റി മീറ്റിംങ്ങ് മാറ്റിവെക്കുവാൻ പറഞ്ഞത് എന്ന്. തീർച്ചയായും ഞാൻ പോരുന്നതിന്റെ തലേ ദിവസമാണ്. അത് എന്റെ മുമ്പിൽ എത്തുന്നത് അപ്പോൾ അത് സംബന്ധിച്ച് ആറോ ഏഴോ സ്റ്റാറ്റ്യൂട്ട് കമ്മിറ്റികൾ ചേർന്നിട്ടുണ്ടന്ന് അറിഞ്ഞു. അപ്പോൾ ഇതിന്റെ വിവരങ്ങൾ എനിക്ക് വായിച്ചു നോക്കുവാൻ പോലും സമയം കിട്ടിയിരുന്നില്ല. മാത്രവുമല്ല അതിന്റെ മിനിറ്റ്സ്കൊണ്ടു വന്നതിനകത്തുതന്നെ പൂർണ്ണമായി അത് വിവരിച്ചിട്ടുമില്ല. അങ്ങനെയൊരു സാഹചര്യത്തിൽ നാളെ തന്നെ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി വെച്ചുകഴിഞ്ഞാൽ അതിനെകുറിച്ച് എനിക്കൊന്നും നോക്കാതെ പറ്റുമോ? അതുകൊണ്ട് please wait എന്നാണ് ഞാൻ പറഞ്ഞത്. അതുമാത്രമല്ല സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ഇങ്ങനെ തുടർച്ചയായി മീറ്റിംങ്ങ് വെച്ചാൽ പോലും അത് ചെയ്യുവാനും അതിനകത്ത് എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത് ഉന്നയിക്കാനും തീർച്ചയായും വൈസ് ചാൻസിലർക്ക് അധികാരമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അപ്പോൾ അതിനകത്ത് വേറെ ഒരു ദുരുദ്ദേശവും ഇല്ല. ബഹുമാനപ്പെട്ട ചെയർപേഴ്സൻ പറഞ്ഞതുപോലുള്ള ഒരു കാര്യവും ഞാൻ മനസിൽപ്പോലും വിചാരിച്ചിട്ടില്ല. അപ്പോൾ അങ്ങനെയൊരു തെറ്റിധാരണാജനകമായ കാര്യം പറയുന്നത് ശരിയല്ല. ഇത് ഇപ്പോൾ തന്നെ താമസിച്ചിരിക്കുകയാണ്. എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി തരുന്ന ശുപാർശകൾ അംഗീകരിക്കാനും, തിരിച്ചയക്കാനും, ഒക്കെയുള്ള അധികാരമുണ്ട്. ഇത് ശുപാർശ മാത്രമാണ്. ആ ശുപാർശ നമുക്ക് നോക്കിയശേഷം അവർ ആരും അതിന് എതിരൊന്നും പറഞ്ഞിട്ട് ഇല്ലെങ്കിലും ചില കാര്യങ്ങളിൽ clarification വേണം. ഉദാഹരണത്തിന് മറ്റു ചില പോസ്റ്റുകളുടെ കാര്യം പറയുമ്പോൾ public service commission ഇതേ കാര്യത്തിനുവേണ്ടി പോസ്റ്റിംങ്ങ് നടത്തുന്നുണ്ട്. അപ്പോൾ അതുംകൂടി നോക്കിയശേഷം, അതുംകൂടി incorporate ചെയ്താൽ മതി എന്ന കാര്യം മാത്രമേ പറഞ്ഞുള്ളൂ. അത് ഒരിക്കൽപ്പോലും ബഹുമാനപ്പെട്ട അംഗം പറയുന്ന രീതിയിലുള്ളൊരു പരാമർശം, ഒരു ചിന്തപ്പോലും, നമ്മുടെ മനസ്സിൽ കൂടി പോയിട്ടില്ല. അങ്ങനെ ഒരു അഭിപ്രായം, അങ്ങനെയൊരു വ്യാഖ്യാനം കൊടുത്തതിൽ വളരെ വിഷമമുണ്ട്. ഒരു കാരണവശാലും ചെയർപേഴ്സൺ ഇങ്ങനെ ചെയ്യരുതായിരുന്നു. പിന്നെ ഇത് മാറ്റിവെച്ചതിന്റെ കാരണം please wait എന്നു മാത്രമേ ഞാനതിൽ എഴുതിയിട്ടുള്ളൂ. എന്നു പറഞ്ഞാൽ അതിനുശേഷം ഇത് നടത്തണ്ടയെന്നല്ല. മാത്രവുമല്ല ഇപ്പോൾ തന്നെ നമ്മൾ വളരെ വളരെ താമസിച്ചു ഇനിയൊരു പരാമർശത്തിനു തിരിച്ചയച്ച് വീണ്ടും മറ്റു കാര്യവുമായി ഇങ്ങോട്ടു തിരിച്ചു വന്നു. ഇതിന്റെയൊന്നും ആവശ്യമില്ല. ആ ഒരു ഉദ്ദേശം മാത്രമാണ് ഇതിൽ ഉള്ളത്. അതു മാത്രമേ എനിയ്ക്ക് ഇതിനെ സംബന്ധിച്ച് പറയുവാനായി ഉള്ളൂ'' അദ്ധ്യക്ഷൻ പറഞ്ഞു.

"അല്ല അങ്ങനെയൊരു ചിന്താഗതി ഉണ്ടായിരുന്നില്ല എന്നുള്ളതല്ല, അങ്ങനെയൊരു ചിന്താഗതി വി.സി.യുടെ പക്ഷത്തു നിന്നും ഉണ്ടാക്കിയെടുത്ത താണ്. നേരത്തെ ഇതുപോലെ പറഞ്ഞു കൊണ്ട് ഒരു കമ്മിറ്റി മാറ്റിവെച്ചു. ഞാനന്ന് വിളിച്ച് സംസാരിച്ചിരുന്നു. ഒരു കമ്മിറ്റി വെക്കുവാൻ പോകുന്നതിന് ഇത്രമാത്രം പഠിക്കേണ്ട കാര്യമുണ്ടോ എന്ന് എനിക്ക് തോന്നുന്നില്ല. സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയല്ലെ അതല്ലെ പഠിക്കേണ്ടത്? അതിനു ശേഷമല്ലെ വി.സി.യുടെ അടുത്തേക്ക് വരുന്നത്." ശ്രീമതി.പി.എ.രമണീഭായ് പറഞ്ഞു.

"അതിൽ നമ്മളിരുന്ന് തർക്കിച്ചിട്ട് ഒരു കാര്യമില്ല ഞാൻ പറഞ്ഞുവല്ലോ ഞാൻ അത് മനസിൽ പോലും വിചാരിച്ച ഒരു കാര്യമല്ല. ആകെയുള്ളത് എന്താണെന്നാൽ ഇത് എനിക്കൊന്ന് നോക്കണം. എനിക്കു പിറ്റേ ദിവസം തന്നെ കൊടുത്തയക്കുകയും വേണം. പിന്നെ ഇന്ന് തന്നെ ഇത് നോക്കി നാളെ ഒരു കമ്മിറ്റി വെക്കണമെന്നു പറഞ്ഞാൽ അതിനു മുമ്പ് ഇതൊന്നു നോക്കിയിട്ട്, രണ്ട് ദിവസമെങ്കിലും എനിക്കതിന്ന് വേണം അതിനു വേണ്ടി മാത്രമാണ് അതിന് തീർച്ചയായും ചീഫ് എക്സിക്യൂട്ടീവ് എന്ന നിലയിൽ എനിക്ക് അധികാരമുണ്ടെന്നാണ് തോന്നുന്നത്. ഈ പറയുന്ന രീതിയിൽ ഒരു പരാമർശങ്ങളും ഞാൻ മനസിൽപ്പോലും വിചാരിക്കാത്ത കാര്യമാണ്." അദ്ധ്യക്ഷൻ പറഞ്ഞു.

(ബഹളം )

"വേദിയിലിരിക്കുന്ന ബഹുമാനപ്പെട്ട തോമസ് ഉണ്ണിയാടൻ എം.എൽ.എ, എക്സിക്യൂട്ടീവ് അംഗങ്ങൾ, ജനറൽ കൗൺസിൽ അംഗങ്ങൾ എല്ലാവർക്കും എന്റെ നമസ്ക്കാരം. ഇന്ന് ബഹുമാനപ്പെട്ട സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ ചെയർ പേഴ്സൺ കൂടിയായ ശ്രീമതി. രമണീഭായ് ഉന്നയിച്ച പ്രശ്നങ്ങൾ ഏറ്റവും ഗൗരവമുള്ളതാണ്." ശ്രീ.ഐ.കെ.രവീന്ദ്രരാജ് പറഞ്ഞു.

"ഇങ്ങനെയൊരു ചർച്ചയുടെ ആവശ്യം ഇല്ല". അദ്ധ്യക്ഷൻ പറഞ്ഞു.

"ഞാൻ അഭിപായം പറയട്ടെ". - ശ്രീ.ഐ.കെ.രവീന്ദ്രരാജ് വീണ്ടും പറഞ്ഞു.

"അങ്ങനെ അഭിപ്രായം പറയേണ്ട വേദിയല്ല ഇത് നമുക്ക് സമയവുമില്ല." - അദ്ധ്യക്ഷൻ പറഞ്ഞു.

"സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പാസാക്കി കാര്യങ്ങളെല്ലാം ഇന്നിപ്പോൾ ജനറൽ കൗൺസിലിൽ ഇല്ല. ഞാൻ അഷ്വറൻസ് കമ്മിറ്റിയുടെ ചെയർമാനാണ് അത് മനസിലാക്കണം." ശ്രീ.ഐ.കെ.രവീന്ദ്രരാജ് വീണ്ടും പറഞ്ഞു.

"ബഹുമാനപ്പെട്ട അംഗം, മനസിലാക്കുക ഇത് ചർച്ച ചെയ്യുവാനുള്ള വേദിയല്ല ഞാൻ അടുത്തതിലേക്ക് കടക്കുകയാണ്" - അദ്ധ്യക്ഷൻ പറഞ്ഞു.

( ബഹളം )

" സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പാസാക്കി എടുത്ത തീരുമാനങ്ങൾ മാറ്റുവാൻ വൈസ് ചാൻസിലർക്ക് എന്താണ് അധികാരം? സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പാസാക്കിയ ഒരു കാര്യം അതിന്റെ രൂപവും ഭാവവും മാറ്റി ഈ ജനറൽ കൗൺസിലിൽ വെക്കുവാൻ വൈസ് ചാൻസിലർക്ക് എന്താണ് അവകാശം? ഈ ജനറൽ കൗൺസിലിന്റെ

അവകാശങ്ങളെ അട്ടിമറിക്കുകയാണ് വൈസ് ചാൻസിലർ.'' ഇനി അങ്ങനെ മുന്നോട്ടു പോകുവാൻ കഴിയില്ല'' ശ്രീ.ഐ.കെ.രവീന്ദ്രരാജ് പറഞ്ഞു.

''ബഹുമാനപ്പെട്ട അംഗം ഒരു കാര്യം മനസിലാക്കുക Relevent ആയി അജണ്ടയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കുക''. അദ്ധ്യക്ഷൻ പറഞ്ഞു.

'' മറ്റൊരു സ്ഥലത്തുമില്ലാത്ത നടപടിക്രമങ്ങളുമായി സഹകരിക്കാൻ ഞങ്ങൾക്ക് സാധിക്കില്ല. സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ഉണ്ടാക്കി കൂടി പാസാക്കിയെടുത്ത കാര്യങ്ങൾ അട്ടിമറിച്ചു കൊണ്ട് ഇന്ന് ജനറൽ കൗൺസിൽ അങ്ങനെ പാസാക്കുവാൻ കഴിയില്ല. ഒരു കാര്യം മനസിലാക്കണം. ശ്രീ.ഐ.കെ.രവീന്ദ്രരാജ് പറഞ്ഞു.

''ആ മൈക്ക് ഓഫ് ചെയ്യൂ.'' – അദ്ധ്യക്ഷൻ പറഞ്ഞു.

(ബഹളം )

''ഇങ്ങനെ സംസാരിച്ചു കൊണ്ടിരുന്നാൽ, Relevant അല്ലാത്ത കാര്യങ്ങൾ സംസാരിച്ചാൽ നമ്മൾ എന്താണ് ചെയ്യുക? ഇവിടെ ഒരു പ്രശ്നം ഉന്നയിച്ചു ബഹുമാനപ്പെട്ട അംഗത്തിന് അതിന് ഞാൻ മറുപടി കൊടുത്തു. അംഗത്തിന് അതിൽ അഭിപ്രായം ചോദിക്കാം. അത് പരിശോധിച്ച് കഴിഞ്ഞതാണ് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിക്കുക.'' അദ്ധ്യക്ഷൻ പറഞ്ഞു.

''ഇനി മൈക്ക് ഓൺ ചെയ്തു കൊള്ളൂ.'' അദ്ധ്യക്ഷൻ പറഞ്ഞു.

(ബഹളം)

''Relevant ആയ കാര്യങ്ങൾ സംസാരിക്കുക'' അദ്ധ്യക്ഷൻ വീണ്ടും പറഞ്ഞു.

''Relevant ആണ് അത് എനിക്കു പറ്റിയതുപോലെ അദ്ദേഹത്തിനും പറ്റിയിട്ടുണ്ട്.'' ശ്രീമതി.പി.എ.രമണീഭായ് പറഞ്ഞു.

''മറുപടി പറഞ്ഞ് അടുത്തതിലേക്ക് പോകുമ്പോൾ അദ്ദേഹം irrelevant ആയി സംസാരിക്കേണ്ട കാര്യമില്ല.'' അദ്ധ്യക്ഷൻ പറഞ്ഞു.

''വൈസ് ചാൻസിലർ ഇപ്പോൾ ചെയ്യുന്നത് ഈ സഭയോടുള്ളൊരു അവഹേളനം തന്നെയാണ്.'' ശ്രീമതി.പി.എ.രമണീഭായ് പറഞ്ഞു.

''ഒരിക്കലുമല്ല അദ്ദേഹത്തിന് സംസാരിക്കുവാൻ ഞാൻ അവസരം കൊടുത്തു. അദ്ദേഹം സംസാരിച്ച് കഴിഞ്ഞു. വീണ്ടും irrelevant ആയി സംസാരിച്ചുപോയാൽ നമ്മൾ എന്താണ് ചെയ്യുക? അതുകൊണ്ട് അജണ്ടയിലേക്ക് കടക്കാം.'' – അദ്ധ്യക്ഷൻ പറഞ്ഞു.

"ആ പറയുന്നതിൽ പോലും വൈസ്ചാൻസിലർ ഔദാര്യത്തിന്റെ പുറത്ത് തരുന്നതുപോലെയാണ് അതല്ല കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ ഇത് ജനാധിപത്യസഭയാണ്." ശ്രീ.ഐ.കെ.രവീന്ദ്രരാജ് പറഞ്ഞു.

"നമ്മൾ ഈ കാര്യങ്ങൾ പറയുമ്പോൾ പറയുന്ന ഉദ്ദേശങ്ങളൊന്നും ഇവിടെ പറയേണ്ട കാര്യമില്ല. ഇതൊരു ജനറൽബോഡിയാണ്. എല്ലാവർക്കും അവസരം ഉണ്ടാകും. അപ്പോൾ പറഞ്ഞ കാര്യങ്ങൾ clear ചെയ്യൂ." ശ്രീ.എം.പി.വിൻസന്റ് എം.എൽ.എ. പറഞ്ഞു.

"ഒരു കാര്യം കൂടി പറഞ്ഞോട്ടെ സർ. അപ്പോൾ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നതും സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ചർച്ച ചെയ്യുന്നതും പാസാക്കിയതുമായ കാര്യങ്ങൾ ഭേദഗതി ചെയ്ത് അതിന്റെ രൂപവും ഭാവവും മാറ്റിയാണ് ഇനിവിടെ അജണ്ടയായി വന്നിരിക്കുന്നത്. ഇത് ഞങ്ങൾ അംഗീകരിക്കില്ല. എന്തെങ്കിലും ഭേദഗതിയുണ്ടെങ്കിൽ ആ ഭേദഗതി, സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിൽ തിരിച്ചു വരികയും നിർദ്ദേശിക്കുകയും ചെയ്യുക. വീണ്ടും സ്റ്റാറ്റ്യൂട്ട് കമ്മിറ്റി കൂടി അത് ചർച്ച ചെയ്ത് ജനറൽ കൗൺസിൽ മുമ്പാകെ കൊണ്ടുവരിക. അതല്ലാതെ വൈസ്ചാൻസിലർ ഏകപക്ഷീയമായി ഫയലിൽ please wait എന്നൊക്കെ പറഞ്ഞാൽ ഈ ഫയലിൽ അത്ര വലിയ ഭേദഗതിയൊന്നുമില്ല." ശ്രീ.ഐ.കെ.രവീന്ദ്രരാജ് പറഞ്ഞു.

"സ്റ്റാറ്റ്യൂട്ട് കമ്മിറ്റി റെക്കമെന്റ് ചെയ്തതിൽ വലിയ modification ഇല്ലാത്ത കാര്യങ്ങൾ നേരത്തെ പറഞ്ഞു. ബാക്കിയുള്ളത് മാത്രമേയുള്ളൂ. അതിനകത്ത് ഒന്നു രണ്ടു suggestions എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് പറയുവാൻ അവകാശമുണ്ട്. അതുകൂടി incorporate ചെയ്തിട്ടാണ് പിന്നെ വെക്കേണ്ടത്. അത്രയും വൈകണമെങ്കിൽ അങ്ങോട്ട് വിടാം. ഇതിനകത്ത് വ്യത്യാസങ്ങൾ ഇല്ലാത്തതുകൊണ്ടാണ് വരുന്നത്. അതിന് എന്താണ് കുഴപ്പം, ജനറൽ കൗൺസിലിനു മുമ്പിലല്ലേ വെച്ചിരിക്കുന്നത്. തർക്കിച്ച് വെറുടെ സമയം കളയരുതെന്ന് മാത്രമെ എനിക്ക് പറയുവാനുള്ളൂ." അദ്ധ്യക്ഷൻ പറഞ്ഞു.

"ഒരു കാര്യം കൂടി എം.എൽ.എ. മാരോടാണ് എനിക്ക് ചോദിക്കാനുള്ളത്. ഈ ജനറൽ കൗൺസിൽ constitute ചെയ്ത കമ്മിറ്റിയാണ് സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റി. ആ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി വെക്കണമെന്ന് തീരുമാനിക്കുന്നത് കമ്മിറ്റിയിലുള്ള ആളുകളും ചെയർമാനും കൂടിയാണ്. അങ്ങനെയുള്ള ഒന്ന് വെച്ച് കഴിഞ്ഞാൽ അത് ഏകപക്ഷീയമായി please wait എന്നോ മാറ്റിവെക്കുന്നതിനോ വൈസ് ചാൻസിലർക്ക് അധികാരമുണ്ടോ? ഉണ്ടെങ്കിൽ അത് പറയണം. അങ്ങനെയാണെങ്കിൽ ഈ സബ് കമ്മിറ്റികളുടെ ആവശ്യമില്ല." ശ്രീമതി പി.എ.രമണീഭായ് പറഞ്ഞു

"എക്സിക്യൂട്ട് അംഗങ്ങളുടെ സജീവ ശ്രദ്ധയ്ക്ക് ആദ്യം ഇങ്ങനെ അക്കൗണ്ട്സ് കമ്മിറ്റിയിലാണ് തുടങ്ങിയത്. രണ്ടാമത് അഷ്വറൻസ് കമ്മിറ്റി വിളിച്ചു. മൂന്നാമത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റി വന്നു. എന്നുപറഞ്ഞാൽ ഞങ്ങളുടെ നാട്ടിൽ ഒരു കാര്യം പറയും സർ. തേങ്ങയിടാൻ മണ്ണാനും തേങ്ങ വാരിക്കൂട്ടാൻ ഞാനും. ഇവിടെ കാർഷിക സർവ്വകലാശാലയിൽ ഒരു വൈസ് ചാൻസിലർ മതി. കൗൺസിൽ വേണ്ട, എക്സിക്യൂട്ടീവും വേണ്ട, സബ്ബ് കമ്മിറ്റികളും വേണ്ട. അതുകൊണ്ട് ഇത് അംഗീകരിക്കുവാൻ സാധിക്കില്ല. ഇത് മാറ്റി വെയ്ക്കണം. കൗൺസിലിന്റെ

ജനാധിപത്യ അവകാശത്തിൽ ഊന്നി നിന്നുകൊണ്ട് രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പാസാക്കിയിട്ടുള്ള ആ നടപടി ക്രമങ്ങൾ മാറ്റിയത് ഈ കൗൺസിൽ യോഗത്തിൽ അവതരിപ്പിക്കുന്നത് അംഗീകരിക്കാനാവില്ല. പാസാക്കുവാനാവില്ല''. ശ്രീ. ഐ.കെ.രവീന്ദ്രരാജ് പറഞ്ഞു.

" മൂന്ന് തവണ കൗൺസിൽ യാതൊരു കാരണവുമില്ലാതെ അത് മാറ്റി വെച്ചു. ഇത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ചെയർപേഴ്സൺ ഇന്നിവിടെ ഒരു കാര്യം സൂചിപ്പിച്ചു. സ്റ്റാറ്റ്യൂട്ട് കമ്മിറ്റി നിരന്തരമായി കൂടികൊണ്ട് വളരെ അടിയന്തിരമായിട്ടാണ് ചെയ്തത്. സർവ്വകലാശാല അനദ്ധ്യാപക തസ്തികകളുടെ നിയമനമാണ് പി എസ് സി വഴി വരേണ്ടത്. അതിന്റെ സ്റ്റാറ്റ്യൂട്ടുകൾ സബ്ബ് കമ്മിറ്റികൾ ശുപാർശ ചെയ്തുകൊണ്ടിരിക്കുമ്പോൾ അത് ഒന്നും തന്നെ ശരിക്കും പറഞ്ഞാൽ നിലവിലുള്ള സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പരിഗണിച്ച വിഷയങ്ങൾ ഒന്നും തന്നെ ഇതിനകത്ത് എടുക്കാതെ നമ്മൾ മനസിലാക്കുന്നത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ കാര്യങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പോയപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റി തന്നെ വൈസ് ചാൻസിലറുടെ ഇഷ്ടം പോലെ ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു. ആ രീതിയിലാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയെടുത്ത അജണ്ട എന്ന നിലയിൽ ഈ കാര്യത്തിൽ ഇതിൻമേൽ അഭിപ്രായ വ്യത്യാസമുണ്ട്. ഇത് എല്ലാം അടിയന്തിരമായി പാസാക്കണമെന്നാണ് ഈ കൗൺസിലിലെ എല്ലാ അംഗങ്ങൾക്കും താൽപര്യം. പക്ഷേ ഇതിനെ സംബന്ധിച്ച് എന്തായാലും നമ്മൾ രണ്ടു മൂന്ന് തവണ മാറ്റി വെച്ച് കഴിഞ്ഞിരിക്കുന്നു. പെൻഡിങ്ങ് ഉള്ള വിഷയങ്ങളും ഇതിനകത്ത് ഒരു സ്റ്റാറ്റ്യൂട്ട് നൽകുന്നത് എങ്ങനെയാണ്. നിലവിലുള്ള സ്റ്റാറ്റ്യൂട്ട്, യുജിസി യുടെ സ്റ്റാറ്റ്യൂട്ട്, സ്റ്റാറ്റ്യൂട്ട് കമ്മിറ്റി റെക്കമെന്റ് ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച ശേഷം അങ്ങനെയാണ് സ്റ്റാറ്റ്യൂട്ട് വരിക. സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ഇതിനു മുമ്പും നമ്മൾ ജനറൽ കൗൺസിലിൽ സ്റ്റാറ്റ്യൂട്ട് കൊണ്ടു വന്നിട്ടുണ്ട്. ആ സ്റ്റാറ്റ്യൂട്ട് വരുമ്പോൾ നിലവിലുള്ളത്, ഇനി യുജിസി സ്റ്റാറ്റ്യൂട്ട് സബ്ബ് കമിറ്റി ചെയ്ത റെക്കമെന്റേഷൻ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ റക്കമെന്റേഷൻ, അങ്ങനെ വരുമ്പോൾ മാത്രമേ ഈ കൗൺസിലിലെ അംഗങ്ങൾക്ക് ഇതിന്റെ വ്യത്യാസം മനസിലാക്കുവാനും. യൂണിവേഴ്സിറ്റിയിൽ എന്താണ് അത്യാവശ്യം? വളരെ പ്രധാനപ്പെട്ട കുറച്ച് കാര്യങ്ങളുണ്ട്, ഒരു കമ്മിറ്റിക്കും ഒഴിവാക്കുവാൻ പറ്റാത്ത കാര്യങ്ങളുണ്ട്. അങ്ങനെ വന്നാൽ it is not in a format ഒരു നിയമ ഭേദഗതി ചെയ്യുന്നതിനുള്ള ചർച്ച നിയമസഭ സാമാജികൻമാരുണ്ടല്ലോ. നിയമം എങ്ങനെയാണ് ഭേദഗതി ചെയ്യേണ്ടത്? എന്നുള്ള വകുപ്പ് കൊടുക്കുന്നത്. ഇതുപ്പോലുള്ള കഥ അടിച്ചു കൊടുത്താൽ ഇതിനകത്ത് എന്ത് അഭിപ്രായം പറയുവാൻ കഴിയും. എനിക്ക് വളരെ ബഹുമാനത്തോടുകൂടി ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയോടും ബഹുമാനപ്പെട്ട വൈസ് ചാൻസിലറോടും പറയുവാനായിട്ടുള്ളത്. ഇതിനകത്ത് ഒരുപാട് തർക്കങ്ങൾ വന്നിട്ടുണ്ട് ഇതിലാർക്കും ഇത് നീട്ടികൊണ്ടുപോകുവാൻ ആഗ്രഹമില്ല. മറിച്ച് ഇതിൽ പറഞ്ഞിട്ടുള്ളത് എന്താണ് എന്നത് ഓരോന്നും വ്യത്യസ്ഥമാക്കി നിലവിൽ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിലെയടക്കം നമുക്ക് ഇന്നു തന്നെ നിശ്ചയിക്കാം. ഒരു സ്പെഷൽ യോഗം അതിന് കൂടി ആ കാര്യങ്ങൾ അതിൽ എടുക്കാം. അതിനു മുമ്പ് ഒരു വിവാദമുണ്ടാക്കി, ഏകപക്ഷീയമായി അങ്ങോട്ടുമിങ്ങോട്ടുമുള്ള തർക്കത്തിലേയ്ക്ക് പോകുന്ന രീതിയിലേയ്ക്ക് പോകരുത്. ഇതിലേ ഐറ്റം മുഴുവൻ സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റിയ്ക്ക് പരിശോധിക്കാം. എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്കും പരിശോധിക്കാം. എല്ലാവരും കൂടി അടിയന്തിരമായി special GC കൂടി തീരുമാനിക്കണം'' ശ്രീ. എൻ.എൽ.ശിവകുമാർ പറഞ്ഞു.

''എനിക്കൊരു അഭിപ്രായം പറയാനുള്ളത് ഇത്രയും വലിയൊരു കാല താമസം വരുത്തുവാൻ നമ്മുക്ക് പറ്റില്ല. കാരണം ഇപ്പോഴത്തെ പുതിയ കണക്കനുസരിച്ച് നോട്ടിഫിക്കേഷൻ മോഡിലാണ് prepare ചെയ്തിരിക്കുന്നത്.

ഇതിനു മുമ്പുള്ള സ്റ്റാറ്റ്യൂട്ട് കമ്മിറ്റിക്കു കൊടുത്ത റക്കമെന്റേഷനിലും സ്റ്റാറ്റ്യൂട്ട് കമ്മിറ്റി വെച്ചതിലുമെല്ലാം ഇതു പോലെ തന്നെയാണ്. അതായത് Existing, proposed, remarks അങ്ങനെ തന്നെയാണ് എക്സിക്യൂട്ടീവ് കമ്മിറ്റിയ്ക്ക് വന്നത് അതേ കാര്യങ്ങൾ മൊഡിഫൈ ചെയ്തതിനുശേഷം നമ്മൾ Modification Mode ൽ കൊടുക്കുവാനാണ് ഞാൻ പറഞ്ഞിരിക്കുന്നത്. ആ രീതിയിൽ തന്നെ അത് ചെയ്യും. Background Information വേണമെന്നുണ്ടെങ്കിൽ നേരത്തെ തന്നതിൽ നിന്നു തന്നെ എടുക്കണമത്. ഇവിടെ അത് ഇല്ലാത്തതുകൊണ്ട് നമുക്ക് ചെയ്യുവാൻ പറ്റില്ലായെന്ന് പറയുന്നത് ഇത് വൈകിയിരിക്കുകയാണ് ഇനി വൈകിക്കരുതെന്നാണ് എന്റെ അഭിപ്രായം. നിങ്ങളിപ്പോൾ മാറ്റി വെയ്ക്കുവാൻ പറഞ്ഞാൽ എനിക്കിപ്പോൾ അഞ്ചു മിനിറ്റ് സമയം വേണ്ട ഇത് മാറ്റി വെച്ച് പോകാൻ. അത് ശരിയല്ല. ഈ ഒരു ചിന്താഗതി കൊണ്ടാണ് ഇത്രയും കാലം ഒന്നര കൊല്ലം നീട്ടികൊണ്ടു പോയത്. ഇനി ഇത് നീട്ടികൊണ്ടുപോകുവാൻ വ്യക്തിപരമായി എനിക്ക് ഒരു യോജിപ്പും ഇല്ല. അതല്ല ഡെമോക്രാറ്റിക് സെറ്റപ്പിൽ തീരുമാനമെടുത്ത് പോകണമെന്നുണ്ടെങ്കിൽ അങ്ങനെ പോകുന്നതിൽ എനിക്കൊരു എതിർപ്പുമില്ല. പക്ഷേ ഇനിയും ഇത് വൈകിയ്ക്കരുതെന്നും ഇത് വളരെ കാലമായുള്ള പരിശ്രമത്തിനു ശേഷം കൊണ്ടുവന്നതാണ്. അതുകൊണ്ട് ദയവു ചെയ്ത് ഇത് നശിപ്പിക്കരുത് എന്ന് മാത്രമേ എനിക്ക് പറയുവാനുള്ളു''. അദ്ധ്യക്ഷൻ പറഞ്ഞു.

''സർ, എനിക്ക് ആ കാര്യത്തിൽ വളരെ വിഷമമുണ്ട്. അപ്പോൾ ഇവിടെ ഇരിക്കുന്ന ജനറൽ കൗൺസിൽ അംഗങ്ങളെല്ലാം ഇതിനെ നശിപ്പിക്കുവാൻ വന്നിരിക്കുന്നു എന്നല്ലേ അതിനർത്ഥം. നശിപ്പിക്കുക! എന്ത് വാക്കാണിത്? ബഹുമാനപ്പെട്ട എം.എൽ.എ തന്നെ പറയണം. ഈ കൗൺസിലിന്റെ ഉദ്ദേശം നശിപ്പിക്കുക എന്നതാണോ? ഈ സർവ്വകലാശാലയുടെ ഉന്നമനത്തിന് ആണ് ഇവിടെ ഇരിക്കുന്നവർ പ്രവർത്തിക്കുന്നത് എങ്കിൽ പറയണം, ഈ സഭയെ അഭിമുഖീകരിക്കുവാൻ, ഇങ്ങനെയൊരു വാക്കു കേട്ട് ഈ സഭയിലിരിക്കുവാൻ എനിക്ക് ലജ്ജ തോന്നുന്നു! ശ്രീ. എൻ.എൽ.ശിവകുമാർ പറഞ്ഞു.

''ഇതിൽ ശ്രദ്ധിക്കേണ്ടത് വൈസ് ചാൻസിലറുടെ ഭാഗത്തുനിന്നുണ്ടാക്കുന്ന ജനാധിപത്യ കീഴ്വഴക്കങ്ങളുടെ തുടർച്ചയായ ലംഘനത്തിന്റെയൊരു ഫലമാണ്. ഇവിടെയുള്ള സബ്ബ് കമ്മിറ്റികൾ ഇതിൽ പറയുന്നതിൽ എല്ലാത്തിലും ഇവിടെ അംഗീകരിക്കപ്പെട്ട നോമിനേഷനുകളിൽ വന്ന ആളുകളാണ്. പക്ഷേ ഈ സബ്ബ് കമ്മിറ്റി മുഴുവൻ ഒന്നും കൊള്ളാത്ത തരത്തിലുള്ള ആളുകൾ ഇവിടെ ചർച്ച ചെയ്ത് സമയം കളയാനുള്ള വേദികളാണെന്നുള്ള ഒരു മനോഭാവം യൂണിവേഴ്സിറ്റി അധികാരികളിൽ നിന്നും തീർച്ചയായും ഉണ്ടായ ലക്ഷണങ്ങൾ മനസിലാക്കിയതുകൊണ്ടാണ് ഈ സാഹചര്യം വന്നത്. മാത്രവുമല്ല ഇവിടുത്തെ ജനറൽ കൗൺസിലിൽ ആണ് പരമാധികാര സഭ എക്സിക്യൂട്ടീവ് കമ്മിറ്റിയോ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് വൈസ് ചാൻസിലറോ അല്ല. ഈ ബോദ്ധ്യം വരാത്തതാണ്, ഈ ജനാധിപത്യ കാഴ്ചപ്പാടില്ലാത്തതാണ് ഇവിടുത്തെ പ്രധാന പ്രശ്നങ്ങൾ. അല്ലാതെ അതിന്റെ specificity യിൽ പോകുന്നതല്ല പ്രശ്നം. മാത്രവുമല്ല ഞാൻ ഒരു സ്റ്റാറ്റ്യൂട്ട് കമ്മിറ്റി അംഗമാണ് ഇത് എത്രയും വേഗം പാസാകണം എന്നുള്ള ആഗ്രഹമുള്ള ആളാണ്. പക്ഷേ ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പലപ്പോഴായി ചർച്ച ചെയ്ത് എടുത്ത തീരുമാനങ്ങൾ സ്വാഭാവിക ജനാധിപത്യ കീഴ്വഴക്കങ്ങൾകൊണ്ട് ഇത്രയും വൈകേണ്ട കാര്യവുമില്ല. ഇത്രയും വൈകിയത് ആരുടെ കുഴപ്പം കൊണ്ടാണ്. എത്രയോ മുമ്പുള്ള ജനറൽ കൗൺസിലിൽ തന്നെ അടിയന്തിരമായി ഈ സ്റ്റാറ്റ്യൂട്ട് പാസാക്കിയത്. ജനറൽ കൗൺസിലിൽ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ രാത്രി

ഒമ്പത് പത്ത് മണി വരെ വെള്ളായനി കാർഷിക കോളേജിൽ ഇരുന്നിട്ടാണ് ഈ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും കാര്യം യോഗം പാസാക്കിയത്. പക്ഷേ അതെല്ലാം കടക വിരുദ്ധമായി മാറ്റി കൊണ്ടാണ് ഇവിടെ വെച്ചിരിക്കുന്നത്. ഇത് ജനാധിപത്യ വിരുദ്ധമാണ്. വേണമെങ്കിൽ തിരിച്ചയച്ചാൽ പുനഃപരിശോധിക്കാവുന്നതായിരുന്നു. രണ്ടോ മൂന്നോ ദിവസത്തെ കാര്യമേയുള്ളു. അത് ചെയ്യാതെ അംഗീകൃത സംഘടനകളോട്, ജനാധിപത്യ കീഴ്വഴക്കങ്ങളോടുമുള്ള ലംഘനമാണ് ഭരണസമിതിക്ക് പറയാൻ പറ്റും. അതുകൊണ്ട് ഈ ഭരണസമിതി അംഗീകരിക്കുന്ന രാഷ്ട്രീയ കാഴ്ച്ചപാടുണ്ടെങ്കിൽ പോലും നിങ്ങളുമായി എതിർത്തുകൊണ്ട് പോകേണ്ടി വരുന്നത് ഇത് ഭരണ സമിതിയുടെ പരാജയമാണ്. യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഒരു ഭരണ സമിതിയെ അനുകൂലിക്കുന്ന ആളുകളിൽ ഇതുപോലെ വിമർശനം ഏറ്റുപറയേണ്ട കാര്യമില്ല. ഞങ്ങൾ എതിർക്കുന്ന ആളുകളാണ് ഞങ്ങൾക്ക് അത് പരസ്യമായി പറയാം. രാഷ്ട്രീയ നിലപ്പാടുകളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ എതിർക്കും. ഇവിടെ രാഷ്ട്രീയമല്ല ഇവിടെ ഒരു ജനാധിപത്യ കാഴ്ചപ്പാടിനോടുള്ള വൈസ് ചാൻസിലറുടേയും ഭരണ സമിതിയുടെയും എതിർപ്പാണ്. ഒരിക്കലും ഭരണ സമിതിയിലുള്ളവർ ഒന്നും അറിയുന്നില്ല, പഠിക്കുന്നില്ല. എനിക്ക് തോന്നുന്നത് ഇത് വളരെ പരിതാപകരമാണ്. ഇത് ഇങ്ങനെ പറ്റില്ല എന്നുതന്നെയാണ് എന്റെ അഭിപ്രായം". ഡോ.എ.അനിൽകുമാർ പറഞ്ഞു.

"സർ, എനിക്കൊരു കാര്യം പറയുവാനുള്ളത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റി സാധാരണ ഗതിയിൽ ജനറൽ കൗൺസിലിലെ ഒരു സ്റ്റാറ്റ്യൂട്ട് ചർച്ച ചെയ്യുമ്പോൾ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി അംഗങ്ങളോ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ചെയർമാനോ അതിൽ അഭിപ്രായം പറയാറില്ല. കാരണമെന്തെന്നാൽ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിക്ക് വിശദമായി ചർച്ച ചെയ്ത് വീണ്ടും ബാക്കി അംഗങ്ങളുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന അവസ്ഥയാണ് ഇവിടെ ഇപ്പോൾ ഈ അവസ്ഥയുണ്ടാക്കാൻ കാരണമെന്താണെന്നാൽ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ചർച്ച ചെയ്ത് കൊടുത്ത കാര്യങ്ങളിൽ നിന്നും വ്യത്യാസമുണ്ടെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റി കഴിഞ്ഞ് ഒരു സ്റ്റാറ്റ്യൂട്ട് കമ്മിറ്റി കൂടിയിരുന്നു. സാധാരണ ഗതിയിൽ മുൻകാലങ്ങളിലും നിയമസഭ കൺവെൻഷനുകൾ ഒക്കെയുള്ള ചരിത്രമെന്താണെന്നാൽ വളരെ drastic ആയ വ്യത്യാസമുണ്ടെങ്കിൽ പോളിസി പരമായ change ഉണ്ടെങ്കിൽ അവ refer back ചെയ്യാറാണ് പതിവ്. refer back ചെയ്യുകയും ആ കമ്മിറ്റി അതിലുള്ള നിർദ്ദേശങ്ങൾ കൂടി ഉൾക്കൊണ്ടുകൊണ്ട് പുതിയ നിർദ്ദേശങ്ങൾ ജനറൽ കൗൺസിലിൽ വെയ്ക്കുകയാണ് ചെയ്യുക. അല്ലാതെ ഒരിക്കലും അതിന്റെ മുൻകാലങ്ങളിൽ എടുത്ത് പരിശോധിച്ചാലും സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിലോ അക്കൗണ്ട്സ് കമ്മിറ്റിയിലോ അംഗങ്ങളായിരുന്നവർ അതുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് വരുമ്പോൾ അവർ ഉടനെ ചർച്ചയിലൊന്നും പങ്കെടുക്കാറില്ല. കാരണം അതിന്റെ ആവശ്യമില്ല. ഒരു വിശദമായ ചർച്ച ചെയ്ത കാര്യമാണ്. പക്ഷേ ഇവിടെ ഈ ഒരു കാര്യം വന്നതിന്റെ ആവശ്യം നേരത്തെ പറഞ്ഞതുപോലെ ഇതിനു നമ്മൾ വളരെ ലാഘവമായി കാണേണ്ട കാര്യമില്ല. സർ പറയുന്നത് വളരെ innocent ആയി ഇത് ചെയ്തു. അത് ഒരു ദിവസം മാറ്റി വെച്ചു. എന്തൊക്കെയാണ് ഈ കാര്യത്തിനകത്തൊക്കെ നിങ്ങളെ സംബന്ധിച്ചിടത്തോളം നമ്മൾ കാണുന്നത് വളരെ specific ആയ ചില അജണ്ടകളുണ്ട്. അതുകൊണ്ട് ഇതിനകത്ത് അനിൽ കുമാർ സർ പറഞ്ഞതുപ്പോലെ ഇതിനകത്തൊരു കക്ഷി രാഷ്ട്രീയത്തിന്റെയോ കാര്യമില്ലാത്ത രീതിയിൽ തന്നെ വന്നത്. കാരണം ഇതിനകത്ത് വളരെ വ്യക്തമായിട്ടൊരു കാര്യമുള്ളത് ഞാനിവിടുത്തെ അനദ്ധ്യാപക ജീവനക്കാരുടെ പ്രതിനിധിയാണ്. അനദ്ധ്യാപക ജീവനക്കാരുടെ നിയമനം പിഎസ്സി യ്ക്ക് സ്റ്റാറ്റ്യൂട്ട് വിടുന്നതിന്റെ അടിസ്ഥാനത്തിലാണ്. നേരത്തെ ഇവിടെ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി അംഗം കൂടി പറഞ്ഞതുപോലെ നിങ്ങൾ രാത്രി 9.30 മണി വരെ വെള്ളായണി കോളേജിൽ ഇരുന്നു കൂടിയാണ് പല സ്റ്റാറ്റ്യൂട്ടുകളും ഇതിനകത്ത്

ചെയ്തത്. ആ ചെയ്തതു മുഴുവൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെയും സെക്രട്ടേറിയേറ്റിന്റെയും സമാന തസ്തികകളിൽ ആ സമാനമായ Qualifications വരുത്തി ആ Qulaification പഠിക്കുകയും അതുപോലെ തന്നെ ചെയ്തുകൊണ്ടാണ് ആ സ്റ്റാറ്റ്യൂട്ട് മുഴുവൻ ഉണ്ടാക്കിയത്. പക്ഷേ വളരെ നിഷ്ഫലമായ രീതിയിൽ നേരത്തെ ഇവിടെ സൂചിപ്പിച്ച പോലെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ തന്നെ വളരെ ലജ്ജാകരമായി തോന്നുന്നു. കാരണം സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പഠിച്ചിട്ട് ആ വിഷയങ്ങൾ മുഴുവൻ എക്സിക്യൂട്ടീവ് കമ്മിറ്റി പി എസ് സി യ്ക്ക് എഴുതാനും ഗവൺമെന്റിലേയ്ക്ക് എഴുതുവാനും അത് വൈസ് ചാൻസിലറോട് പഠിച്ച് നിർദ്ദേശം സമർപ്പിക്കുവാനും, അങ്ങനെയാണെങ്കിൽ ഈ എക്സ്ക്യൂട്ടീവ്സിന്റെ ആവശ്യമില്ല. കാരണമെന്തെന്നാൽ ഒന്നുകിൽ ഈ തീരുമാനം എടുക്കുന്നതിന് മുമ്പ് ഏതിന്റെ അടിസ്ഥാനത്തിലായിരുന്നു സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ഈ കാര്യങ്ങളെല്ലാം എടുത്ത് വളരെ വ്യക്തമായി നമ്മൾ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ deliberation ൽ പറഞ്ഞിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട തസ്തികകൾ എന്ന്. ഉദാഹരണത്തിന് സെക്രട്ടേറിയേറ്റുമായി ഉള്ള സമാന തസ്തികകൾക്ക് സെക്രട്ടേറിയേറ്റിൽ നിലവിലുള്ള ഗവൺമെന്റ് ഓർഡറുകളും സെക്രട്ടേറിയറ്റിൽ നിലവിലുള്ള പബ്ലിക് സർവ്വീസ് കമ്മീഷന്റെ qualification നും അത് എടുത്തുകൊണ്ട് ഏറ്റവും പുതിയ GO പോലും ഉൾകൊണ്ടിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾപോലും വീണ്ടും പിഎസ്സി യിലേയ്ക്ക് എഴുതുവാനും വീണ്ടും വൈസ് ചാൻസിലർക്ക് ചുമതലപ്പെടുത്തുവാനും വെച്ചതിന്റെ പിന്നിൽ ഞങ്ങൾ മനസിലാക്കുന്നത് എന്താണെന്നാൽ ഇപ്പോൾ വൈസ് ചാൻസിലർ കാണിക്കുന്ന ഈ വ്യഗ്രത അല്ലെങ്കിൽ പെട്ടെന്ന് ഇത് ചെയ്യണമെന്നുള്ള നടപടിയല്ല ഇത് ജീവനക്കാരെ ആയാലും അദ്ധ്യാപകരെ ആയാലും പല തട്ടുകളിലാക്കി ചില നിക്ഷിപ്ത താൽപര്യങ്ങൾ ഇതിനകത്തു വരുന്നു എന്നത് കൊണ്ടാണ് നേരത്തെ സൂചിപ്പിച്ചപ്പോലുളള സ്ഥിതിയിലേയ്ക്ക് ചർച്ച പോകേണ്ടി വരുന്നത്. ഈ കാര്യത്തിൽ തന്നെ OGPA യുടെ കാര്യത്തിലായാലും മറ്റ് പല കാര്യത്തിലായാലും അതൊക്കെ വിശദമായി ചർച്ച ചെയ്ത് അതിന്റെ പ്രായോഗിക വശങ്ങൾ നേരത്തെ ഒരു സബ്ബ് കമ്മിറ്റി ഉണ്ടാക്കി ഡയറക്ടർ അക്കാദമിക് പോലും പറഞ്ഞതാണ്. അതിനു കടക വിരുദ്ധമായി രീതിയിൽ അക്കാഡമിക് കൗൺസിലിൽ ഒരു തീരുമാനമെടുത്തു. സാധാരണ ഗതിയിൽ തൊട്ടുതാഴത്തേതിൽ വന്നതിന് കടകവിരുദ്ധമായിട്ടാണ് ഒരു കാര്യം ചെയ്യുന്നത് എങ്കിൽ അക്കാര്യം താഴെയുള്ള ഘടകത്തെയൊന്ന് ബോദ്ധ്യപ്പെടുത്തുക എന്ന് പറയുന്നത് ജനാധിപത്യ സംവിധാനത്തിന്റെ ഭാഗമാണത്. ഇപ്പോൾ രജിസ്ട്രാർ ഒരു suggestion വെച്ചതിന് നേരെ വിപരീതമായി വൈസ്ചാൻസിലർ ഒരു തീരുമാനം എടുക്കാം. സാമാന്യ ഗതിയിൽ ആ രജിസ്ട്രാറെ വിശ്വാസത്തിൽ എടുത്തുകൊണ്ട് ഇന്ന് അപാകതകൾ ഉള്ളതിനാൽ ഇത് ചെയ്യുന്നു എന്നുള്ളൊരു രീതി വേണം. അതില്ലാത്തതുകൊണ്ടാണ് നമ്മൾക്ക് ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ കാര്യത്തിൽ ഈ തീരുമാനമെടുക്കേണ്ടി വന്നത്. അതുകൊണ്ട് തന്നെ നേരത്തെ ഈ പറഞ്ഞ അഭിപ്രായ പ്രകാരം സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിലെ എക്സിക്യൂട്ടീവ് കമ്മിറ്റി വരുത്തിയിട്ടുള്ള ഭേദഗതികളോട് കൂടി, ഒരു സ്റ്റാറ്റ്യൂട്ട് കമ്മിറ്റിക്ക് പരിശോധിക്കുവാനും സ്റ്റാറ്റ്യൂട്ട് കമ്മിറ്റി എന്നുവേണമെങ്കിലും കൂടി ഒറ്റ ദിവസം കൊണ്ട് എത്ര രാത്രിവരെ എടുത്തിട്ടായാലും ഇത് തിരിച്ച് അടുത്ത ജനറൽ കൗൺസിലിൽ പരിശോധിക്കുവാനായി കൊണ്ടുവരാൻ യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ ഇപ്പോൾ ചെയ്യുന്നത് അതിന്റെ procedure അനുസരിച്ച് ചെയ്യാത്തതുകൊണ്ടുള്ള തകരാറുകളാണ് ഇപ്പോൾ വന്നിരിക്കുന്നത്. അത് ബോധപൂർവ്വവുമാണ്''. ശ്രീ.കെ.ഗിരീന്ദ്ര ബാബു പറഞ്ഞു.

''അല്ല ഇതിനകത്ത് അങ്ങനെ ബോധപൂർവ്വമായ ഒരു മാറ്റവും വരുത്തിയിട്ടില്ല. അതിനകത്ത് വ്യത്യാസം വന്നത് മാത്രം ഞങ്ങൾ മാറ്റിവെച്ച് ബാക്കിയുള്ളത്

മാത്രമേ ഇവിടെ വെച്ചിട്ടുള്ളു''. ''ഇതിൽ ചില സംശയങ്ങൾ എക്സിക്യൂട്ടീവ് അംഗങ്ങൾ ഉന്നയിച്ചത് എന്നുവെച്ചാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പറഞ്ഞിരിക്കുന്ന യോഗ്യത അതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് നോക്കുക. അതിന് വൈസ് ചാൻസിലറിനെ ചുമതലപ്പെടുത്തുന്നു എന്നു മാത്രമേ പറഞ്ഞിട്ടുള്ളു. മറ്റൊന്നും പറഞ്ഞിട്ടില്ല. കാർഷിക സർവ്വകലാശാലയിൽ നമുക്ക് നിലവിലിരിക്കുന്ന ചില പോസ്റ്റുകളുടെ qualifications ഉം അതിനു സമാനമായിട്ടുള്ള പോസ്റ്റുകൾ Public Service Commission മറ്റ് ഡിപ്പാർട്ട്മെന്റിലുള്ളതും അതിന് സമാനമായുള്ള qualifications ആണോ എന്ന് പരിശോധിക്കുവാനേ പറഞ്ഞിട്ടുള്ളു. അതിൽ സംശയമില്ലാത്തത് ഇവിടെ വെച്ചിട്ടുണ്ട്'' അദ്ധ്യക്ഷൻ പറഞ്ഞു.

'' സർ ഇത്രയും പറഞ്ഞ സ്ഥിതിക്ക് ഞാനൊരു ഉദാഹരണം പറയാം. ഇവിടെ അസിസ്റ്റന്റ് എഞ്ചിനീയർ സിവിലിന്റെ സ്റ്റാറ്റ്യൂട്ട് പിഎസ്സി യ്ക്കു പഠിക്കുവാൻ വിട്ടു, അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കലിന്റെ സ്റ്റാറ്റ്യൂട്ട് ഇതിൽ വെയ്ക്കുവാൻ തീരുമാനിച്ചു. ഏതാണ് ഇതിൽ വ്യത്യാസം? ഇവ രണ്ടു സ്റ്റാറ്റ്യൂട്ടുകളും സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റിയിൽ വെയ്ക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റി പാസാക്കുകയും ചെയ്ത കാര്യങ്ങളായിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത് ഇതിനകത്ത് ചില hidden അജണ്ടകൾ നടക്കുന്നുവെന്ന്. ഫയലായി വെയ്ക്കുവാൻ കൊടുത്ത കാര്യമാണിത്. ഇത് സാറിന്റെ വ്യക്തിപരമാണ് എന്നുള്ള ഒരു ആക്ഷേപം ഞാൻ ഉന്നയിക്കുന്നില്ല. ഇത് ജീവനക്കാരുടെ ഉള്ളിൽ ആശങ്കയുണ്ടാക്കുന്ന നിലപ്പാടിലേയ്ക്കു പോകുവാൻ ജനറൽ കൗൺസിലിന് കഴിയുകയില്ല. ഞങ്ങൾ ജീവനക്കാരോട് എന്ത് ഉത്തരം പറയും, സർ? ഇത്തരത്തിലുള്ള ബാലിശമായ കാര്യങ്ങൾ തീരുമാനിക്കുക. ഒരേ qualification ഉം ഒരേ method of appointment ഉം ഓരേ സംവിധാനവുമുള്ള രണ്ട് പോസ്റ്ററുകളുമാണ് സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പാസാക്കിയത്''. ഇതുപോലെ എത്രയോ ഉണ്ട്.'' ശ്രീ. ഗിരീന്ദ്രബാബു പറഞ്ഞു.

''ഇതിൽ വൈസ് ചാൻസിലറുടെ മേശപ്പുറത്ത് വരുന്ന ഈ റക്കമെന്റേഷൻസ് നോക്കി അതിൽ സംശയം വരുന്നവ മാത്രം, ഇതിൽ ഇലക്ട്രിക്കൽ ആണോ, സിവിൽ ആണോ, മെക്കാനിക്കലാണോ എന്നൊന്നും നോക്കാറില്ല. ഇതിലൊരു സംശയം വന്നപ്പോൾ മാറ്റിവെച്ചു. ഈ അഞ്ച് items clarification വേണ്ടതല്ല അതുകൊണ്ടാണത് വെച്ചത് ". അദ്ധ്യക്ഷൻ പറഞ്ഞു.

''എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും എല്ലാവരും ഇവിടെയുണ്ട് തൊട്ടുമുൻപ് ബഹുമാനപ്പെട്ട അംഗം സംസാരിച്ചതിന്റെ എല്ലാ വശങ്ങളും മനസ്സിലാക്കികൊണ്ട് ഞാൻ പറയുകയാണ് . ഇപ്പോൾ തന്നെ പറഞ്ഞു വെച്ചിരിക്കുന്നതിന് കാര്യമായ മാറ്റങ്ങളൊന്നും ഇല്ലാത്തതാണ് ഇപ്പോൾ വെച്ചിരിക്കുന്ന ഈ അജണ്ട എന്ന് പറയപ്പെടുന്നത്. അങ്ങനെയെങ്കിൽ നിർദ്ദേശിച്ച സ്റ്റാറ്റ്യൂട്ട് കമ്മിറ്റി അംഗങ്ങളും ഇതിനു ഭേദഗതി നിർദ്ദേശിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ഉള്ള പരമാധികാര സഭയിൽ ഇരിക്കുമ്പോൾ ഇത്രയും കാലമായതിനു ശേഷം കൂടിയ ഈ മീറ്റിംങ്ങിൽ ഈ സ്റ്റാറ്റ്യൂട്ട് ഇപ്പോൾ ചർച്ചചെയ്യുകയും, കാരണം എല്ലാ സ്റ്റാറ്റ്യൂട്ടും കൂടി ഒരു ജനറൽ കൗൺസിലിൽ ചർച്ച ചെയ്യണ്ട എന്ന് പല അംഗങ്ങളും പറയുകയുണ്ടായി. അതുകൊണ്ട് ഇനിയുള്ള കുറച്ച് തർക്കങ്ങൾ പരിശോധിച്ച് അത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ approval

ന് കൊടുത്ത് എത്രയും വേഗം തന്നെ ബാക്കിയുള്ളതും കൂടി പരിഗണിക്കണം. ഇത് മാറ്റി വെക്കാതെ ഇത് ചർച്ചചെയ്ത് ഇതിനകത്ത് എന്നെങ്കിലും പ്രസക്തമായ ഭേദഗതികൾ ഉണ്ടെങ്കിൽ എല്ലാവരും ഇവിടെയുണ്ട്. ഈ പറഞ്ഞ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും, ജനറൽ കൗൺസിൽ അംഗങ്ങളും എല്ലാവരും ഉണ്ട്. അപ്പോൾ ബന്ധപ്പെട്ട ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ഇതുമായി മുന്നോട്ട് പോവുകയും ബാക്കിയുള്ളത് ചർച്ചചെയ്യാനുള്ള ഒരു തീയ്യതി ഇപ്പോൾതന്നെ തീരുമാനിക്കുകയും തർക്ക വിഷയങ്ങൾ പരിശോധിച്ച് അതിനകത്തൊരു തീരുമാനത്തിനുശേഷം ഇലക്ഷൻ കഴിഞ്ഞ ഉടനെ തന്നെ അതുകൂടി approve ചെയ്യാനുള്ളൊരു തീരുമാനം എടുത്തുകൊണ്ട് മുന്നോട്ടു പോകണം എന്നാണ് എനിക്കു പറയുവാനുള്ളത്. സമയം പാഴാക്കുന്നതുകൊണ്ട് ഒരു കാര്യവുമില്ല" ഡോ. വി.എം. അബ്ദുൾ ഹക്കീം പറഞ്ഞു.

"സർ, ഇതിനകത്ത് ഒരു point of order ഉന്നയിച്ചു. ഉന്നയിച്ചത് ഈ സഭ നിർദ്ദേശിച്ച ഒരു കമ്മിറ്റിയുടെ ചെയർമാനാണ്. അത് അതിന്റെ ഗൗരവത്തോടെത്തന്നെയാണ് കാണേണ്ടത് ആ സഭ അംഗം ഉന്നയിച്ചിരിക്കുന്ന വിഷയം ജനാധിപത്യ പരമായ അവരുടെ അവകാശങ്ങളെ ചോദ്യം ചെയ്തിരിക്കുന്നു എന്നാണ്. ഇവിടെ സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ആ സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റി പ്രവർത്തിക്കുമ്പോൾ ആ കമ്മിറ്റിക്ക് ചില ചുറ്റുവട്ടങ്ങളുണ്ട്. അതനുസരിച്ച് പ്രവർത്തിക്കുന്നു.. തീരുമാനങ്ങൾ ചില ശുപാർശകൾ നൽകുന്നു. ആ ശുപാർശകളിൽ മാറ്റം വരുത്തിയാൽ ഇവിടെ ബഹുമാനപ്പെട്ട MLA മാർ ഉൾപ്പെടെയുള്ളവർക്ക് വ്യക്തമായി അറിയാവുന്നതാണ് .അത് തിരിച്ച് ആ കമ്മിറ്റിയിലേക്ക് പോകണം അതിനുപകരം തീരുമാനങ്ങളെടുക്കുന്നു. ഇവിടെ ഒരു ഉദാഹരണമുണ്ട്. ഇവിടെ നാനോ ടെക്നോളജി, മെറ്റീരിയോളജി എന്നിവയിലൊക്കെ അദ്ധ്യാപകന്റെ വിഷയങ്ങൾ വന്നിരിക്കുകയാണ്. ആ കോഴ്സുകൾ ഇവിടെയുണ്ടോ? ഇവിടെ ഇല്ലാത്ത ആ കോഴ്സുകൾക്ക് സ്റ്റാറ്റ്യൂട്ട് കൊണ്ടുവന്നിരിക്കുന്നതിന്റെ ഉദ്ദേശമെന്താണ്? അപ്പോൾ ഇതിന്റെയൊക്കെ പുറകിൽ സ്റ്റാറ്റ്യൂട്ടുകൾ ഒന്ന്, രണ്ട് ഈ തീരുമാനങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചില തീരുമാനങ്ങൾ എടുത്തു എന്നു പറഞ്ഞു. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനങ്ങൾ നേരത്തെ ജനറൽ കൗൺസിൽ അംഗങ്ങളെ അറിയിക്കേണ്ട സംവിധാനം ഉണ്ടായിരുന്നു. ഇപ്പോൾ proceeding ജനറൽ കൗൺസിൽ അംഗങ്ങൾ തൽക്കാലം മാറ്റിവെച്ചിരിക്കുന്നത് എന്തിനാണ്. അപ്പോൾ ഇതിന്റെയൊക്കെ പുറകിൽ വളരെ വ്യക്തമായ vested interests ഉണ്ട്. ഈ തീരുമാനങ്ങൾ മാറ്റാൻ പറ്റില്ല. ഇവിടെ ഒരു കാര്യം മാത്രമാണ് ഉന്നയിച്ചത്. ഇങ്ങനെ ആ വിഷയത്തിന്റെ മെറിറ്റിലാണ് പോകേണ്ടത്. സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൽ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാം അതിനുശേഷം തരം തിരിച്ച് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിൽ പോയശേഷം മാത്രമേ ആ സ്റ്റാറ്റ്യൂട്ട് ജനറൽ കൗൺസിലിലേക്ക് വരുവാൻ കഴിയൂ. ഇവിടെ അക്കാഡമിക് കൗൺസിലിന്റെ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു. ആ സബ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ ചിലത് ഇവിടെ വന്നിരിക്കുകയാണ്. ഈ അക്കാഡമിക് കൗൺസിലിന് അദ്ധ്യാപകരുടെ യോഗ്യത നിശ്ചയിക്കുവാനുള്ള അധികാരമുണ്ട്, പക്ഷേ സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാൻ അധികാരമില്ല. അവർ ചില നിർദ്ദേശങ്ങൾ നൽകിയാൽ അത് ഈ സഭയിൽ വെക്കുവാൻ വൈസ്ചാൻസിലർക്കും അധികാരമില്ല. ആ നിർദ്ദേശങ്ങൾ അക്കാഡമിക് കൗൺസിലെ അംഗങ്ങൾ ഒരു കമ്മിറ്റിയുണ്ടാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ നിർദ്ദേശങ്ങൾ സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റിയിലേക്ക് പോകണം ആ സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റി അത് പരിശോധിക്കണം അത് പരിശോധിച്ചിട്ടേ ജനറൽ കൗൺസിൽ വരാവൂ. ഒരു നോൺ സ്റ്റാറ്റ്യൂട്ടറി ആയ അക്കാഡമിക് കൗൺസിലിന്റെ സബ്

കമ്മിറ്റി സ്റ്റാറ്റ്യൂട്ടറി അല്ല. അ സബ് കമ്മിറ്റിയുടെ ശുപാർശകൾ എന്തിനാണ് ജനറൽ കൗൺസിലിൽ കൊണ്ടുവന്നിരിക്കുന്നത്? അപ്പോൾ ഇത്തരം ചട്ടലംഘനങ്ങൾ ഇതിനകത്ത് നടന്നിട്ടുണ്ട്. അപ്പോൾ അതാണ് പരിശോധിക്കേണ്ടത്'' ശ്രീ.കെ. സുനിൽകുമാർ പറഞ്ഞു.

''ഇതിനകത്ത് ഇല്ലാത്തത് ഏത് കാര്യമാണ്, Qualification ന്റെ കാര്യമാണോ? നാനോ ടെക്നോളജിയും, Similar subject നെയുമാണ് ഉദ്ദേശിച്ചത്''. അദ്ധ്യക്ഷൻ പറഞ്ഞു.

'' ഇതിനകത്ത് ഓരോന്നായി merits ഉം demerits ഉം അതിനകത്തെ പ്രശ്നങ്ങളും പറയുവാൻ തുടങ്ങിയാൽ ഒരുപാട് ചർച്ച ചെയ്യുവാനുണ്ട്. ഒരുപാട് പ്രശ്നങ്ങൾ ഇതിനകത്ത് വന്നിട്ടുണ്ട്. നിങ്ങൾ ഇതിൽ വെച്ചിട്ടുള്ള രേഖകൾ എന്തെല്ലാമാണ്? എന്തൊക്കെ അടിസ്ഥാനത്തിലാണ് ഈ നിഗമനങ്ങളിലേക്ക് എത്തിയിരിക്കുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഇപ്പോൾ സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റി പറഞ്ഞു. അതിനകത്ത് ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടെന്ന് പറഞ്ഞു. എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അതിനകത്ത് അഭിപ്രായ വ്യത്യാസമുണ്ട്. അല്ലെങ്കിൽ ഈ പ്രശ്നം ഇവിടെ ഉണ്ടാകില്ലായിരുന്നു. അതിനാൽ ആ ഒരു ഒറ്റ കാരണം കൊണ്ടു തന്നെ. എങ്ങനെയാണ് സഭക്ക് നിങ്ങളെടുത്തിരിക്കുന്ന തീരുമാനങ്ങൾ വിശ്വസിക്കുവാൻ സാധിക്കുക. കാരണം വ്യക്തിപരമായി നമ്മൾ കുറച്ച് ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ഇത് കിട്ടിയതിനുശേഷം ഏറ്റവും പുതിയതായി Indian Council of Agricultural Research ഇറക്കിയുള്ള ഓർഡർ ഏറ്റവും പുതിയതായി ഗവൺമെന്റിൽ നിന്നു വന്നിട്ടുള്ള ഓർഡേഴ്സ് ഇതെല്ലാം വെച്ചുകൊണ്ട് നമുക്കൊരുപാട് കാര്യങ്ങൾ പറയുവാനായി ഉണ്ട്. ഈ Background materials നിരത്തി ആദ്യമിവിടെ സൂചിപ്പിച്ചതുപോലെ ഇങ്ങനെയല്ല ഒരു രേഖ, സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റിയുടെ ഒരു റെക്കമെന്റേഷനാണ തരേണ്ടത്. അതിനകത്ത് ഉപോൽപലകമായുള്ള മറ്റ് മുൻ രേഖകൾ, comparison (താരതമ്യം), മുൻപുണ്ടായിരുന്നത്, തന്നിരിക്കുന്നത്, എല്ലാവരും ഇത് വായിച്ചുനോക്കണമെന്നില്ല. ഇവിടെ അദ്ധ്യാപകരായുള്ള ആളുകൾക്കും അനദ്ധ്യാപകരായുള്ള ആളുകൾക്കും ഇത് അറിയാമായിരിക്കും. പക്ഷേ മറ്റുള്ളവർക്ക് എന്തായിരിക്കും Existing statute of appointment of professors, Associate Professor എന്നുള്ളതെല്ലാം ഇംഗ്ലീഷിലുള്ള ഈ വിവരണം വായിച്ചുനോക്കുവാൻ ബുദ്ധിമുട്ടുണ്ട്. ഇതു തമ്മിൽ താരതമ്യം ചെയ്ത് പറയുവാനുള്ള അവകാശം ജനറൽ കൗൺസിലിനുണ്ട്. ജനറൽ കൗൺസിലാണ് ഏറ്റവും പരമോന്നത സഭ, സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റിയല്ല അതുകൊണ്ടുതന്നെ നമുക്കെല്ലാം ഇത് സംബന്ധിച്ച് കാര്യങ്ങൾ അറിയുവാനുണ്ട്. ഈ അജണ്ടയിൽ തന്നെ അസിസ്റ്റന്റ് പ്രൊഫസറുടെ നിയമനത്തെ സംബന്ധിച്ച കാര്യം വരുന്നുണ്ട്. ലൈബ്രേറിയനുണ്ട്, ഫിസിക്കൽ പ്ലാന്റ് ഡയറക്ടർ ഉണ്ട്, എഡ്യുക്കേഷൻ ഡയറക്ടറുണ്ട്. ഇതൊക്കെ പുതിയ കാര്യങ്ങളാണ്. ഇവിടെ കൊടുത്തിരിക്കുന്ന കുറിപ്പ് വളരെ അപ്രസക്തമാണ്, ആ കുറിപ്പുകളിൽ വിശദമായ കാര്യങ്ങൾ ഇല്ല. ആ കുറിപ്പുകൾ abrupt ആയി നിന്നു പോകുന്നുണ്ട്. പലപ്പോഴും അത് നിന്നുപോകുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് നിഗമനത്തിലെത്തുവാൻ സാധിക്കില്ല. നമുക്ക് reflect ചെയ്യുവാൻ കഴിയില്ല. സംബന്ധിച്ച് അഭിപ്രായം പറയുവാൻ പ്രയാസമുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും അക്കാഡമിക് കൗൺസിലിന്റേയും അതുപോലെതന്നെ സ്റ്റാറ്റ്യൂട്ട് സബ് കമ്മിറ്റിയുടെയും പൊതു നിർദ്ദേശങ്ങൾ എന്തായിരുന്നു? എന്നിങ്ങനെ കൂടിയുള്ള back ground Information കൂടി ഇല്ലാതെ നമുക്ക് സമഗ്രമായി ചർച്ച ചെയ്യുവാൻ കഴിയില്ല. എന്തായാലും ഇതിനു വേണ്ടി മാത്രം വിളിച്ചു ചേർത്തൊരു

സഭ അതിനകത്ത് ഇത് Accept എന്നുള്ളതിനേക്കാൾ കൂടുതൽ ഇതിന്റെ വരും വരായ്കകളെ കുറിച്ച് ചർച്ച ചെയ്യുവാൻ അവസരമുണ്ടാകണം. ഇപ്പോൾ ഇത്രയും പ്രശ്നങ്ങൾ ഉള്ള സ്ഥിതിക്ക് അത് തീർച്ചയായും, വേണമെങ്കിൽ വീണ്ടും കുറ്റമറ്റ രീതിയിൽ പോകുകയും ചെയ്യുകയുമായിരിക്കും അഭികാമ്യം എന്നാണ് എനിക്ക് തോന്നുന്നത്.'' ഡോ. ജിജു പി അലക്സ് അഭിപ്രായപ്പെട്ടു.

''സർ, ഈ സ്റ്റാറ്റ്യൂട്ട് ഭേദഗതി ഇപ്പോൾ നമ്മുടെ മുന്നിൽ വന്നതും ഇനി വരുവാൻ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി propose ചെയ്തതും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ചചെയ്തതുമായുള്ള ഒരുപാട് കാര്യങ്ങൾ സ്റ്റാറ്റ്യൂട്ടിലുണ്ട്. Almost എല്ലാ സർവ്വകലാശാലകളിലും എല്ലാ തസ്തികകളെയും ബാധിക്കുന്ന രീതിയിലുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതിയാണ് നടന്നു കൊണ്ടിരിക്കുന്നത്. പക്ഷേ ഈ സ്റ്റാറ്റ്യൂട്ട് ഭേദഗതി നടത്തുമ്പോൾ സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റി അവരുടേതായ ഒരു പരാതി ഉന്നയിച്ചു. എക്സിക്യൂട്ടീവ് കമ്മിറ്റി ചില ഭേദഗതി വരുത്തി എന്നുള്ളത്. അത് തിരിച്ചുപോകുന്നതാണ് നല്ലത് എന്നുള്ള അഭിപ്രായം എനിക്കുണ്ട്. പക്ഷേ അതേ സമയം തന്നെ സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റി ആയാലും എക്സിക്യൂട്ടീവ് കമ്മിറ്റി ആയാലും ഇത് ബന്ധപ്പെട്ട ആളുകളുമായുള്ള ഒരു ചർച്ച ആവശ്യമാണ്. അത് നടത്തിയിട്ടില്ല. ഇപ്പോൾ Non teaching Staff-ന്റെ ഒരു വിഭാഗത്തിന്റെ മാത്രം സംഘടനകളുമായി ചർച്ച നടത്തി. ആ ചർച്ച നടത്തിയിട്ട് സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റി ഒരു കരട് തയ്യാറാക്കി തരികയാണെങ്കിൽ അത് ഒന്ന് പരിശോധിക്കാവുന്നതാണ്. ആ കരട് തയ്യാറാക്കി നമുക്ക് 13 -ാം തിയ്യതി കിട്ടി. 15-ാം തിയ്യതിയ്ക്കുള്ളിൽ മറുപടി കൊടുക്കണമെന്ന് പറയുകയാണ്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലെ സംഘടനകൾ ഇപ്പോൾ പ്രവർത്തിക്കുന്നത് All Kerala അടിസ്ഥാനത്തിലാണ്. രണ്ടു ദിവസത്തിനകം ഒരു കാര്യത്തിന് മറുപടി കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ Individual നുള്ള മറുപടിയേ കൊടുക്കുവാൻ പറ്റൂ. സംഘടനയ്ക്ക് മറുപടി കൊടുക്കുവാൻ പറ്റില്ല. അപ്പോൾ വേണ്ടത്ര സമയം കൊടുത്തുകൊണ്ട് വേണ്ട വിധത്തിൽ ഈ സംഘടനകളുമായി ഒരു ചർച്ച പല തവണ നമ്മൾ ആവശ്യപ്പെട്ടതാണ്. ഈ വിഷയത്തിൽ പല തവണ രജിസ്ട്രാർക്കും, വൈസ് ചാൻസിലർക്കും എഴുതി കൊടുത്തതാണ്. സംഘടനകളുമായി ഈ വിഷയത്തിൽ ചർച്ച വേണമെന്ന് അതുപോലെതന്നെ എസ്റ്റാബ്ലിഷ് കമ്മിറ്റി ചെയർമാനോട് നമ്മൾ ആവശ്യപ്പെട്ടിരുന്നു. ജീവനക്കാരുടെ വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ഇത്തരം ഒരു ചർച്ചകളും നടക്കുന്നില്ല. സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റിയും അത്തരം ഒരു ചർച്ചയും ജീവനക്കാരുമായി നടത്തിയിട്ടില്ല. ഇപ്പോൾ നിലവിലുണ്ടായിരുന്ന സ്റ്റാറ്റ്യൂട്ട് ചില സ്റ്റാറ്റ്യൂട്ടുകൾ എല്ലാം തന്നെ മൊത്തത്തിൽ മാറ്റുകയാണ്. അതിന്റെ ഒരു Logical Conclusion എന്ന നിലയ്ക്ക് നിലവിലുണ്ടായിരുന്നതിനെ ഒരു Modification എന്നതിനപ്പുറത്തേയ്ക്ക് പലതും അടിമുടി മാറുകയാണ്. അങ്ങനെ നിലവിലുണ്ടായിരുന്ന സ്റ്റാറ്റ്യൂട്ടിൽ മാറ്റം വരുത്തുമ്പോൾ നിലവിലുള്ള ജീവനക്കാർക്ക് എത്രത്തോളം ദോഷകരമായി ബാധിക്കും എന്നതിനെ സംബന്ധിച്ച് ജീവനക്കാരുടെ അഭിപ്രായം അന്വേഷിക്കേണ്ടതല്ലേ? ഈ സഭ വളരെ Learned ആണ് എന്നുള്ളതിൽ സംശയമില്ല. പക്ഷേ അതാണെങ്കിൽ തന്നെയും ചില ജീവനക്കാരുടെ ചെറിയ ചില പ്രശ്നങ്ങൾ അത് ചിലപ്പോൾ കാണാതെ പോകും. അത് കാണാതെ പോകുന്നത് ജീവനക്കാർക്കും ഗുണകരമല്ല. സർവ്വകലാശാലയുടെ ഭാവി പ്രവർത്തനങ്ങൾക്ക് അത് പ്രശ്നങ്ങൾ ഉണ്ടാക്കും. ഒരു വിഷയം വന്നുകഴിഞ്ഞാൽ ജീവനക്കാരെ സംബന്ധിച്ച് നിരന്തരം ഒരു കരടായി അത് പിന്നെ ചർച്ച ചെയ്യുകയും പിന്നീട് പ്രക്ഷോഭവും സമരവുമായി അത് സർവ്വകലാശാലയുടെ പ്രവർത്തനത്തിന് അത് ദോഷമായി മാറും. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് ഈ സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റി അതിനെ സംബന്ധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി വരുത്തുന്ന ഭേദഗതിയും ഒരു ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സംഘടനകളുമായി ഒരു ചർച്ച

നടത്തുകയും പൊതുവായുള്ളൊരു തെളിവെടുപ്പ് ജീവനക്കാരിൽ നിന്നോ, അദ്ധ്യാപകരിൽ നിന്നോ ആവശ്യമെങ്കിൽ തെളിവെടുപ്പോ അല്ലെങ്കിൽ പരാതിയോ സ്വീകരിക്കുക, അതിനുശേഷം ആ അഭിപ്രായം കൂടി കേട്ടിട്ട് ഈ സഭ തീരുമാനിക്കുന്നതായിരിക്കും ഉചിതം'' ശ്രീ. വി.എസ്.സത്യശീലൻ പറഞ്ഞു.

''ശ്രീ. സത്യശീലൻ പറഞ്ഞതുപോലെ ചെയ്യുന്നതാണ് നല്ലത്. പക്ഷേ അത്ര കാതലായ ഒരു മാറ്റം ഈ പറയുന്ന കാര്യങ്ങളിൽ നമുക്ക് വരുത്തിയിട്ടില്ല. കാര്യങ്ങൾ ഇവിടെ കൊണ്ടുവന്നു. അതിൽ വലിയ Modification ഇല്ലാത്ത കാര്യങ്ങളാണ് ഇതിൽ വെച്ചിരിക്കുന്നത്. അത് ചർച്ച ചെയ്യണമെങ്കിൽ ചർച്ച ചെയ്യാം. തീർച്ചയായും ഇത് എല്ലാ സംവിധാനങ്ങളിലൂടെയും പോവുമ്പോഴെയ്ക്കും അതിന്റേതായ changes വരും. പക്ഷേ പ്രശ്നമെന്തെന്നാൽ അതുമായി ബന്ധപ്പെട്ടു വരുന്ന ഒരു വൈകൽ ഒന്നു ആലോചിച്ചു നോക്കൂ. ഇപ്പോൾ തന്നെ ഒന്നര വർഷത്തോളം നമ്മൾ ശ്രമിച്ചിട്ടുപ്പോലും ഈയൊരു stage ൽ എത്തിക്കുവാൻ കഴിഞ്ഞില്ല. കാതലായ Modification ഒന്നും ഇതിൽ വന്നിട്ടുമില്ല. അങ്ങനെയുള്ള കാര്യങ്ങൾ മാത്രമേ ഇതിനകത്ത് എടുത്തിട്ടുള്ളു. ഇത് ചർച്ച ചെയ്യണമെന്നാണ് ഞാൻ പറയുന്നത്. പക്ഷേ ഇത് മാറ്റിവെയ്ക്കണം, വീണ്ടും ഇത് പോയി വരണം എന്നതെല്ലാം ഇതിന് ദോഷമാണ്'' അദ്ധ്യക്ഷൻ പറഞ്ഞു.

'' സർ ഇതുപോലെയുള്ള ക്രമവിരുദ്ധ നടപടികളുടെ ഒരു ഘോഷയാത്ര തന്നെ സർവ്വകലാശാല അധികൃതരുടെ ഭാഗത്തുനിന്ന് വന്നിട്ടുണ്ട്. ജനറൽ കൗൺസിലിൽ ഈ വിഷയങ്ങളെല്ലാം വരുമ്പോൾ അന്തിമമായി എത്തുന്ന ഒരു നടപടി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ശ്രീ. എം.പി. വിൻസന്റ്, ഡോ.ജോസ് ജോസഫ്, ഐ.സി.ബാലകൃഷ്ണൻ, ശ്രീ. തോമസ് ഉണ്ണിയാടൻ അവരെല്ലാം കൂടി ഇടപെടും. മാറ്റം വരുത്തും. ഞങ്ങളത് അംഗീകരിക്കും. എന്നാൽ ഈ കാര്യം ഇന്നിത് അംഗീകരിക്കുവാൻ കഴിയില്ലായെന്ന് വിനയപൂർവ്വം പറയുവാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ അഭിപ്രായം സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ ബഹുമാനപ്പെട്ട ചെയർപേഴ്സൺ പറഞ്ഞിട്ടുണ്ട്. ജനറൽ കൗൺസിൽ നിയമാനുസൃതം നിയോഗിക്കപ്പെട്ട സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റിയെയും, ജനറൽ കൗൺസിലിനെയും, എക്സിക്യൂട്ടീവിനെയും നോക്കുകുത്തിയാക്കി കൊണ്ടു പോകുന്ന അധികാരപരമായ നടപടിയെ നമ്മൾ അംഗീകരിക്കുന്നില്ല. സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ ചെയർ പേഴ്സൺ പറഞ്ഞ കാര്യത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കുന്നു. ഇത് പാസാക്കുവാൻ അനുവദിക്കുകയില്ല''. ശ്രീ. ഐ.കെ.രവീന്ദ്രരാജ് പറഞ്ഞു.

'' സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റിയുടെ റക്കമെന്റേഷൻസിൽ മോഡിഫിക്കേഷൻ വരുത്തുന്നതിനേ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അധികാരമുള്ളു. അത്രയും മാത്രമേ ചെയ്തിട്ടുമുള്ളു.'' അദ്ധ്യക്ഷൻ പറഞ്ഞു.

(ബഹളം.............)

''ഇവിടെ എക്സിക്യൂട്ടീവ് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ അറിയുവാൻ അവകാശപ്പെട്ടവരാണ് ജനറൽ കൗൺസിലിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കുറെ കാലങ്ങളായി എന്താണ് നടക്കുന്നത് എന്ന് നമ്മൾ അറിയുന്നില്ല. ഈ യൂണിവേഴ്സിറ്റിയുടെ പരമാധികാര സഭ എന്നു പറയുന്നത് ജനറൽ കൗൺസിലാണ്. വൈസ് ചാൻസിലർക്ക് ഏകപക്ഷീയമായി Additional Modification നടത്തുവാനുള്ള അധികാരമുണ്ടെന്ന് ഞാൻ മനസിലാക്കുന്നില്ല. മാത്രവുമല്ല ഇപ്പോൾ വെച്ചിരിക്കുന്ന അജണ്ടയിൽ രണ്ടു കാര്യങ്ങൾ Director of Physical Plant, Director of Education നുമാണ്. Director of Education എന്നുപറയുന്ന അജണ്ട. ആ അജണ്ട അറിയിക്കുവാൻ കഴിഞ്ഞ ജനറൽ കൗൺസിലിനു മുമ്പ്

Director of PG Studies എന്ന പേരിൽ ഉണ്ടാക്കിയിരിക്കുന്ന സ്റ്റാറ്റ്യൂട്ട് മോഡിഫിക്കേഷൻ ആണ്. അത് ഒരു സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ പരിഗണനയിൽ വന്നിട്ടേയില്ല. എന്നുമാത്രമല്ല. അത് പേരു മാറ്റിയിട്ടാണ് വന്നിരിക്കുന്നത്. സ്റ്റാറ്റ്യൂട്ട് കമ്മിറ്റി എന്തിനാണ്? ഇവിടെ ഒരു സ്റ്റാറ്റ്യൂട്ട് കമ്മിറ്റി നിർമ്മിച്ച് മൂന്നു വർഷം ആകുവാൻ പോവുകയാണ്. ഈ മൂന്നു വർഷമായിട്ടും അങ്ങോട്ടും അങ്ങനെയൊരു കാര്യത്തിൽ നമ്മളിതെല്ലാം പഠിച്ചിട്ടാണ് വന്നിരിക്കുന്നത്. അതിന്റെ മെറിറ്റിലേക്ക് ഞാൻ പോകുന്നില്ല. അതിന്റെ സമീപനം ജനാധിപത്യ വിരുദ്ധമാണെന്നാണ് ഞാൻ പറയുന്നത്.'' ഡോ.എ.അനിൽകുമാർ പറഞ്ഞു.

"Director of Education എന്ന് മറ്റ് institution ൽ ഉള്ളതുകൊണ്ട് നമ്മളിവിടെ വെച്ചുവെന്നെയുള്ളൂ. അത് മോഡിഫിക്കേഷൻ വരുത്താം.'' അദ്ധ്യക്ഷൻ പറഞ്ഞു.

"ഇനിയുള്ള തസ്തിക ഇതിനകത്ത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ചെയ്തിരിക്കുന്നത്. ഇന്നത് ഈ മാറ്റം അങ്ങനെ വെക്കണം ഇതല്ലാതെ ഇവിടെ ഇങ്ങനെയൊരു തസ്തികപോലും ഇല്ല. Director of Education എന്ന തസ്തികപോലും ഇവിടെയില്ല.'' ശ്രീ.എൻ.എൽ.ശിവകുമാർ പറഞ്ഞു.

(ബഹളം.......)

"അത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയെ അറിയിക്കാതെയാണ് ചെയ്യുന്നത്. ഈ ജനറൽ കൗൺസിലിലെ കാര്യങ്ങൾ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിപോലും അറിയാതെ അജണ്ടയായിരിക്കുന്നു. അത് എന്തുകൊണ്ടാണ് എന്ന് അറിയുവാനുള്ള അവകാശമില്ലേ?.'' ഡോ.എ.അനിൽകുമാർ ചോദിച്ചു

(ബഹളം......)

"ഒരു കാര്യം ഞാൻ നേരത്തെ തന്നെ സമ്മതിച്ചതാണ്. കാരണം ഇതുപോലെ തന്നെയാണ് നാം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ കൊടുത്തിരുന്നത്. അതിന്റെ ഒരു ഫോമിൽ ഇവിടെ notification മോഡിൽ മതി എന്നുള്ളതാണ് ഇപ്പോൾ കിട്ടിയ information അതനുസരിച്ചാണ്, അതിന്റെ background information എല്ലാം നമ്മുടെ കയ്യിലുണ്ട്.'' – അദ്ധ്യക്ഷൻ പറഞ്ഞു.

"സാർ, ഇതിന്റെ രീതിയെകുറിച്ച് മാത്രമല്ല പറയുന്നത്. ഈ തീരുമാനിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ട് കമ്മിറ്റി മുഖേനയാണ്, ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി എന്ത് provision അനുസരിച്ചാണ് ഉണ്ടാക്കിയിരിക്കുന്നത്. Director of Physical Plant എന്തിനാണ്? Director of Education എന്തിനാണ്? – ഡോ.എ.അനിൽകുമാർ ചോദിച്ചു.

"എല്ലാവരും ഇതിൽ പങ്കെടുത്തുകൊണ്ട് വെച്ചിട്ടുള്ള കാര്യങ്ങളിൽ പൊതുവായുള്ള, നമുക്കെല്ലാവർക്കും മനസിലാക്കുവാൻ പറ്റുന്ന ഒരു കാര്യം ഇതിൽ ഇരുപതു വർഷത്തിനു ശേഷം നടത്തുന്ന സ്റ്റാറ്റ്യൂട്ട് Amendment ആണ് അപ്പോൾ അതിനെ കുറച്ചു കൂടി കാര്യങ്ങൾ ചെയ്യണമായിരുന്നു എന്നുള്ളതാണ് പൊതുവായി എല്ലാ അംഗങ്ങളും വെച്ചിട്ടുള്ളൊരു നിർദേശം. ഓരോ സബ് കമ്മിറ്റികളും അതിന്റേതായിട്ടുള്ള ഗൗരവം കൊടുക്കുന്നില്ല എന്നുള്ളൊരു

നിർദേശം ഉണ്ടായിരുന്നു. തീർച്ചയായും അത് വളരെ ഗൗരവമായി തന്നെ കാണുക. ഓരോ സബ്കമ്മിറ്റിയ്ക്കും അതിന്റെയായുള്ള കാര്യങ്ങളുണ്ട്. സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ഒരു നല്ല നിലയിൽ തന്നെ ചെയ്തു. കുറെ കാര്യങ്ങളൊക്കെ പഠിച്ച് അതിനകത്ത് ഭേദഗതി വരുത്തി അതിന്റെ ഗൗരവത്തിൽ ഭരണ സമിതി എടുത്തിട്ടില്ല. അത് തീർച്ചയായും അങ്ങിനെയാകുവാൻ പാടില്ലായിരുന്നു എന്നുള്ള നിലയിൽ ഒരു സമീപനമാണ് തീർച്ചയായും അത് ഭരണസമിതി ഉൾക്കൊള്ളുകയാണ്. പക്ഷേ എങ്കിലും ഇവിടെ വൈസ് ചാൻസിലർ സൂചിപ്പിച്ച ഒരു കാര്യമുണ്ട്. ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പറഞ്ഞ കാര്യങ്ങളിൽ, നിങ്ങൾ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ ഇവിടെ വന്നിട്ടില്ല എന്നുള്ളതാണ് വൈസ് ചാൻസിലർ സൂചിപ്പിച്ചത്. ഇവിടെ അഞ്ച് കാര്യങ്ങളാണ് ഉള്ളത്. അപ്പോൾ അതിൽ നമുക്ക് കാര്യമായുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലും സ്റ്റാറ്റ്യൂട്ട് കമ്മിറ്റി കൊടുക്കാത്തത് നമുക്ക് യോജിക്കുവാൻ പറ്റുന്ന കാര്യങ്ങൾ പാസാക്കാം. തീർച്ചയായും മറ്റ് കാര്യങ്ങളുണ്ടെങ്കിൽ നമുക്ക് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിലേക്ക് വിടുകയോ അല്ലെങ്കിൽ വിശദമായൊരു പഠനത്തിനുശേഷം കൊണ്ടുവരാം." ഭരണസമിതിയംഗം ശ്രീ.തോമസ് ഉണ്ണിയാടൻ എം.എൽ.എ. പറഞ്ഞു.

"കൊടുത്തിട്ടുള്ള ആ statement ൽ അപകതയുണ്ട്. എന്താണ് നമുക്ക് ആ തരത്തിൽ അംഗീകരിക്കാവുന്നത്. അത് ആദ്യം പറയണം, ഉദാഹരണത്തിന്, 2006 പേക്കേജിനകത്ത് സേവന വ്യവസ്ഥകൾ പൂർണ്ണമായും യു.ജി.സി. പേക്കേജ് പ്രകാരം വേണമോ നിലവിലെ കെ.എസ്.ആർ. വ്യവസ്ഥകളിൽ തന്നെ തുടരണമോ എന്ന് തീരുമാനിക്കേണ്ടതുണ്ട്. എന്നാണ് ജനറൽ കൗൺസിലിൽ തന്നിരിക്കുന്ന നോട്ട് എന്താണ് അതിന്റെ അർത്ഥം? കെ.എസ്.ആർ. വഴിയാണോ? അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ തീരുമാനിക്കേണ്ടത്? അല്ലെങ്കിൽ യു.ജി.സി. പ്രകാരമാണോ തീരുമാനിക്കേണ്ടത്? അവിടെയാണ് ഇതിന്റെ? പ്രസക്തി എങ്ങിനെയാണ് നമ്മൾ അറിയുക? എന്താണ് ഈ പറഞ്ഞ നോട്ടിന്റെ അർത്ഥം.? ആ നോട്ട് ഇങ്ങനെ കൊടുത്തു കഴിഞ്ഞാൽ എങ്ങനെയാണ് ചർച്ച ചെയ്യുക? ചർച്ച ചെയ്യുവാൻ ബുദ്ധിമുട്ടുണ്ട്." ഡോ.ജിജു.പി.അലക്സ് പറഞ്ഞു.

"അതിൽ കഴിഞ്ഞ തവണ ചർച്ച വന്നപ്പോൾ ഇത് ജനറൽ കൗൺസിലിലല്ല അക്കാഡമിക് കൗൺസിലിൽ വന്ന ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ പറഞ്ഞിരുന്നത് നമ്മൾ ലീവ്, സ്റ്റഡി ലീവ് അങ്ങനെയുള്ള ചില കാര്യങ്ങളുണ്ട്. എന്നാൽ അക്കാഡമിക് യോഗ്യതയും അതുമായി ബന്ധപ്പെട്ട നമ്മുടെ മറ്റ് കാര്യങ്ങളും കരിയർ അഡ്വാൻസ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയെല്ലാം യു.ജി.സി. നോംസ് അനുസരിച്ചു വേണമെന്ന് പറഞ്ഞു. അപ്പോൾ അതിൽ ചില കാര്യങ്ങൾ Service Rule അനുസരിച്ച് KSR അനുസരിച്ച് ചെയ്യുന്നുണ്ട്. അതാണ് അതിൽ ഉള്ളത്." അദ്ധ്യക്ഷൻ പറഞ്ഞു.

"സാർ, ഇതിനകത്ത് ഒരു വിഷയമുണ്ട് ഇപ്പോൾ ലീവ് കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകരും മറ്റ് യൂണിവേഴ്സിറ്റി അദ്ധ്യാപകരും തമ്മിലുള്ള വ്യത്യാസം ശനിയാഴ്ച പ്രവൃത്തി ദിവസം ആണ്. ഇവിടെ വെക്കേഷൻ ഇല്ല അപ്പോൾ ലീവും, കാഷൽ ലീവും മറ്റുള്ള ലീവുകളൊക്കെ നമ്മൾക്ക് സാധാരണ ഉദ്യോഗസ്ഥന്മാരെപ്പോലെ തന്നെയാണ്. UGC ൽ നമ്മൾ വിശദമായി ചർച്ച ചെയ്ത് sebatical leave, study leave പോലുള്ള കാര്യങ്ങളുണ്ട് അത് നമ്മുടെ സർവ്വകലാശാലയിലെ എല്ലാ അധ്യാപകർക്കും ഒരുപോലെയാണ്. എന്നാൽ ഈ casual leave, exam leave, commuted leave തുടങ്ങിയവയെല്ലാം അത് വളരെ വിശദമായി സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ചർച്ച ചെയ്ത് നിർദേശം കൊടുത്തിട്ടുണ്ട് അതൊന്നും ഇതിനകത്ത് വന്നിട്ടില്ല. ഡോ.എ.അനിൽകുമാർ പറഞ്ഞു.

(ബഹളം.....)

"ഇതിനകത്ത് particular അജണ്ടയിൽ തന്നെ ഈ പറഞ്ഞിട്ടുള്ള Appointments Career Advancement Promotion ഉം provisions മാത്രമേ കൊടുത്തിട്ടുള്ളു അത് കഴിഞ്ഞതിനു ശേഷം ഈ നോട്ടിൽ പറഞ്ഞിരിക്കുകയാണ് സേവനവ്യവസ്ഥകളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ തീരുമാനിക്കേണ്ടതുണ്ട് അതിന്റെ Blackground materials എവിടെ? ഡോ.ജിജു.പി.അലക്സ് പറഞ്ഞു.

"ദയവായി ഒരു കാര്യം മനസ്സിലാക്കണം ഈ sebbattical ലീവിന്റെ കാര്യം നേരത്തെ തന്നെ ചർച്ചയിൽ വന്നതാണ്. അങ്ങനെയൊരു ചർച്ച വന്നപ്പോൾ അത് എക്സിക്യൂട്ടീവ് കമ്മിറ്റി മോഡിഫൈ ചെയ്ത് sebbattical ലീവിന്റെ കാര്യം ഇപ്പോൾ ചർച്ച ചെയ്യേണ്ടയെന്ന് പറഞ്ഞതാണ്. അത് മോഡിഫൈ ചെയ്യുവാനുള്ള അവകാശം, suggest ചെയ്യുവാനുള്ള അവകാശം എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഇല്ലേ?." അദ്ധ്യക്ഷൻ ചോദിച്ചു.

"തിരിച്ച് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയെ അറിയിക്കണം ജനാധിപത്യ കീഴ്വഴക്കമനുസരിച്ച്." ഡോ.എ.അനിൽകുമാർ പറഞ്ഞു.

"ഈ കീഴ്വഴക്കത്തിന്റെ കാര്യം നോട്ടീസിൽ കൊണ്ടുവന്നിട്ടില്ല മാത്രമല്ല ഈ കീഴ്വഴക്കം ഇരുപത് വർഷം മുമ്പുള്ള കീഴ്വഴക്കമായിരിക്കാം." – അദ്ധ്യക്ഷൻ പറഞ്ഞു.

"ഇതിന്റെ ഇടയിൽ കഴിഞ്ഞ വർഷങ്ങളിൽ എല്ലാം തന്നെ സ്റ്റാറ്റ്യൂട്ടുകൾ ഒറ്റപ്പെട്ട രീതിയിൽ പാസാക്കിയിട്ടുണ്ട്." – ശ്രീ.എൻ.എൽ.ശിവകുമാർ പറഞ്ഞു.

"അതിനു മുമ്പുള്ള സ്റ്റാറ്റ്യൂട്ട് പാസാക്കി പോയിട്ടുണ്ടോ? 1996 പാസാക്കി പോയിട്ടുണ്ടോ? – അദ്ധ്യക്ഷൻ ചോദിച്ചു.

(ബഹളം............)

" ഇതിൽ ഈ വെച്ചിട്ടുള്ള നോട്ടിൽ തന്നെ പറഞ്ഞിട്ടുണ്ട് അതായത് ഒറ്റ വരിയിൽ ഇത് Accept ചെയ്യുന്നു എന്നുള്ളത് സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പാസാക്കി അത് ജനറൽ കൗൺസിലിൽ പരിഗണിക്കേണ്ടതുമുണ്ട്. അത് ഇതിനകത്തു തന്നെ പറഞ്ഞിട്ടുമുണ്ട്" ശ്രീ. കെ. ഗിരീന്ദ്രബാബു പറഞ്ഞു.

"അതെന്നു പറഞ്ഞാൽ നേരത്തെയുണ്ടായിരുന്ന details എല്ലാം consolidate ചെയ്ത് അതിൽ വെച്ചു എന്നു മാത്രമേയുള്ളൂ. അല്ലാതെ അതുകൊണ്ട് confusion നമുക്ക് ഇല്ല." അദ്ധ്യക്ഷൻ പറഞ്ഞു.

"എല്ലാ സ്റ്റാറ്റ്യൂട്ടുകളുടേയും വിശദമായി ജനറൽ കൗൺസിലിൽ തന്നെ മുഴുവൻ ചർച്ച ചെയ്യുകയും തീരുമാനിക്കുകയും ചെയ്യുകയാണെങ്കിൽ സബ്ബ് കമ്മിറ്റിയുടെ ആവശ്യമില്ല. അതിനു കഴിയാത്തതുകൊണ്ടാണ് കമ്മിറ്റി സംവിധാനം ഉണ്ടാക്കിയിരിക്കുന്നത്. ഇതിൽ അഞ്ച് Item ഉണ്ട്. അതിൽ ആദ്യത്തെ ഐറ്റം

ആണ് യു.ജി.സി. യുടെ കാര്യം. അതിലാണ് ഇത്രയും തർക്കങ്ങൾ ഉള്ളത്. ഇനി രണ്ടാമത്തെ ഐറ്റം DPP യുടെ സ്റ്റാറ്റ്യൂട്ട്, Director of Physical Plant ന്റെ എട്ട് വർഷം മുമ്പുണ്ടാക്കിയ സ്റ്റാറ്റ്യൂട്ട് ആണ് ഇപ്പോൾ വെച്ചിട്ടുള്ളത് ഈ pay revision അനുസരിച്ച് കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും Director of Physical Plant ന്റെ post, Executive Engineer ടെ post ലേയ്ക്ക് ലിമിറ്റ് ചെയ്തിരിക്കുകയാണ്. കാർഷിക സർവ്വകലാശാല വെച്ചിരിക്കുന്നത്. Superintendent of Engineer, Deputy Chief Engineer സ്റ്റാറ്റ്യൂട്ടാണ് നമ്മൾ വെച്ചിരിക്കുന്നത്. അപ്പോൾ സർക്കാരിന്റെ നിർദ്ദേശത്തിന് വിരുദ്ധമായൊരു സ്റ്റാറ്റ്യൂട്ട് നമ്മൾ പാസാക്കുന്നോ എന്നുള്ളത് ഒരു കാര്യമുണ്ട്.'' ശ്രീ.കെ.ഗിരീന്ദ്രബാബു പറഞ്ഞു.

''അഗ്രികൾച്ചർ സർവ്വകലാശാലകളിൽ വ്യത്യാസമുണ്ട്. പണ്ടും'' അദ്ധ്യക്ഷൻ പറഞ്ഞു.

'' അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലെയല്ല സർ കഴിഞ്ഞ pay commission ഇത് പരിശോധിച്ചപ്പോൾ എല്ലാ യൂണിവേഴ്സിറ്റിയിലും പലതാണ്. ചിലയിടത്ത് ചീഫ് എഞ്ചിനീയർ പോസ്റ്റാണ് ചില സ്ഥലത്ത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ പോസ്റ്റ് ആണ്. ചില സ്ഥലത്ത് സൂപ്രണ്ടിങ്ങ് എഞ്ചിനീയർ പോസ്റ്റാണ്. ഇത് unity ചെയ്യുവാൻ വേണ്ടി ബഹുമാനപ്പെട്ട ഫൈനാൻസ് പ്രിൻസിപ്പാൽ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലേയും Director of Physical Plant ന്റെ post, Executive Engineer ടെ post ലേയ്ക്ക് ലിമിറ്റ് ചെയ്തിരിക്കുകയാണ്. ആ തരത്തിലുള്ള തസ്തികകളെ എല്ലാ സർവ്വകലാശാലയിലും പാടൂ എന്ന് സർക്കാരിന് നിർദ്ദേശം വെയ്ക്കുകയും സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി തന്നെ അത് അംഗീകരിക്കുകയും ചെയ്തിട്ട് അതിന് വിരുദ്ധമായ സ്റ്റാറ്റ്യൂട്ടാണ്. ഈ സ്റ്റാറ്റ്യൂട്ട് ഇപ്പോഴുള്ള സ്റ്റാറ്റ്യൂട്ട് കമ്മിറ്റി തന്നെ കണ്ടിട്ടില്ല. എട്ടു വർഷം മുമ്പുള്ളതാണ്. അതുപോലെ തന്നെയാണ് ലൈബ്രറി അസിസ്റ്റന്റിന്റെ സ്റ്റാറ്റ്യൂട്ട്. ഈ സ്റ്റാറ്റ്യൂട്ടുകൾ എടുക്കുവാൻ പറ്റുന്നില്ലായെന്നുള്ളത് പറയുവാൻ കാരണം ആകെ അനദ്ധ്യാപക തസ്തികകൾ രണ്ടെണ്ണമുള്ളത് ഒന്ന് ഡിപിപിയും രണ്ട് ലൈബ്രറി അസിസ്റ്റന്റ് ഉം ആണ്. ഇത് രണ്ടും പഴയ സ്റ്റാറ്റ്യൂട്ടാണ്. ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിക്ക് ഇതു തന്നെയാണോ ഉണ്ടാക്കിയതെന്ന് പറയുവാൻ പറ്റാത്തതുകൊണ്ടാണ് നമുക്കിത് എടുക്കുവാൻ പറ്റില്ലെന്ന് പറയുന്നത്'' ശ്രീ.കെ.ഗിരീന്ദ്രബാബു പറഞ്ഞു.

'' ഇത് രണ്ടും സ്റ്റാറ്റ്യൂട്ട് കമ്മിറ്റി തന്ന Recommendation തന്നെയാണ്'' അദ്ധ്യക്ഷൻ പറഞ്ഞു.

''ഇത് അനിൽകുമാർ സർ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ആയിരിക്കുന്ന കാലത്തുള്ള സ്റ്റാറ്റ്യൂട്ടാണ് സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ഉണ്ടാക്കിയിട്ടുള്ളതാണ്. ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി 48 അനദ്ധ്യാപക തസ്തികകളുടെ സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കിയപ്പോൾ അതിൽ ഒരെണ്ണം പോലും ഇതിൽ place ചെയ്യാതെ എട്ട് വർഷം മുമ്പുണ്ടാക്കിയ ഇപ്പോൾ relevance ഇല്ലാത്ത രണ്ട് സ്റ്റാറ്റ്യൂട്ടുകളാണ് എടുത്തിട്ടുള്ളത്. ഇത് ഒന്നുകിൽ വളരെ കെയർലെസ് ആയി ചെയ്തിട്ടുള്ളതാണ്. കമ്മിറ്റിയുടെ അജണ്ട കണ്ടപ്പോൾ പല ജീവനക്കാരും എന്നോട് ചോദിച്ചു ഇത് എന്ത് എന്ന് ഇതിനകത്ത് ചില തരംതിരിവുകളാണ്. സംഘടനയെ സംബന്ധിച്ചിടത്തോളം ജീവനക്കാർ എല്ലാവരേയും ഒരേ പോലെ കാണണമെന്നാണ്. നേരത്തെ പറഞ്ഞ ഒരു എഞ്ചിനീയറുടെ കാര്യത്തിൽ തന്നെ സാർ താൽപര്യമെടുത്തു എന്നൊന്നും ഞാൻ ആക്ഷേപിക്കുന്നില്ല. അതിൽ പറയുവാൻ പറ്റുന്ന ഒരു മറുപടി ഉണ്ടാകണം.

യൂണിവേഴ്സിറ്റി അങ്ങനെ ഒരു കാര്യം ചെയ്യുമ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റിയോട് പറയുമ്പോഴായാലും, വൈസ് ചാൻസിലറോട് പറയുമ്പോഴായാലും സമാനമായ രണ്ടുപേർക്ക് എക്സ് ആന്റ് വൈ വന്നാൽ വൈ യ്ക്ക് കൊടുക്കാം എക്സിന് കൊടുക്കണ്ട എന്ന് തീരുമാനിച്ചാൽ എന്തുകൊണ്ട് കൊടുത്തില്ല എന്ന് പറയേണ്ടതാണ്.'' ശ്രീ.കെ.ഗിരീന്ദ്ര ബാബു പറഞ്ഞു.

'' ബഹുമാനപ്പെട്ട അംഗം അത് നമ്മൾ വച്ചിട്ടില്ലല്ലോ? വൈസ് ചാൻസിലറുടെ മേശപ്പുറത്ത് വന്നതിൽ സ്റ്റാറ്റ്യൂട്ടിന്റെ Details മാത്രമേ വൈസ് ചാൻസിലർ നോക്കിയിട്ടുള്ളൂ.'' അദ്ധ്യക്ഷൻ പറഞ്ഞു.

'' ഈ ഡിപിപി എന്നുള്ള പേരിൽ, ആ ഒരു സ്റ്റാറ്റസ് ഉള്ള പോസ്റ്റ് മറ്റ് സർവ്വകലാശാലകളിൽ ഇല്ല. ഇത് എനിക്കും നിങ്ങൾക്കുമെല്ലാം അറിയാവുന്നതാണ്. ഇവിടെ മാത്രമാണ് പ്രത്യേകമായൊരു ഡിപിപി എന്ന് ഒരു തസ്തികയും അതിന്റെ structureഉം ഉള്ളത്. മറ്റു സർവ്വകലാശാലകളിലെല്ലാം ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരാൾ, യൂണിവേഴ്സിറ്റി എഞ്ചിനീയർ എന്നിങ്ങനെ ഒരാൾ construction wing എന്നിങ്ങനെ മറ്റുള്ളവരുമുണ്ട്. അതുകൊണ്ടാണ് അങ്ങനെയൊരു structure ഉള്ളത്. അങ്ങനെയൊരു നോട്ടിഫിക്കേഷൻ, service ന്റെ കാര്യത്തിൽ മാത്രമേ വ്യത്യാസം വരുന്നുള്ളൂ'' അദ്ധ്യക്ഷൻ പറഞ്ഞു.

''സർ അത് സ്റ്റാറ്റ്യൂട്ട് ആയിട്ടില്ല. സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റിയിൽ വന്നിട്ടുള്ള ഒരു കാര്യമാണ് വന്നിട്ടുള്ളത് ഇപ്പോൾ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സ്വാഭാവികമായും ഒരു സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുടെ മുമ്പിലേയ്ക്കല്ലേ പോകേണ്ടത്.'' ശ്രീ. കെ.സുനിൽ കുമാർ പറഞ്ഞു.

''അവർ തന്ന റെക്കമെന്റേഷൻ തന്നെയാണ്'' അദ്ധ്യക്ഷൻ പറഞ്ഞു.

(ബഹളം...............)

'' ഈ ചർച്ച വഴി വിട്ടു പോകേണ്ട. നിയമ വിരുദ്ധവും ക്രമ വിരുദ്ധവുമായ നടപടിക്രമങ്ങൾ പ്രകടമായി നടത്തിയിട്ടുണ്ട്. അത് അംഗീകരിക്കുവാൻ പറ്റില്ല. വിശദീകരണം നൽകിയും ന്യായീകരണം നൽകിയും സമ്മർദ്ദം ചെലുത്തി അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കേണ്ട'' ശ്രീ. ഐ.കെ.രവീന്ദ്ര രാജ് പറഞ്ഞു.

''ബഹുമാനപ്പെട്ട ഭരണ സമിതി അംഗം ശ്രീ. തോമസ് ഉണ്ണിയാടൻ സർ പറഞ്ഞ ഒരു അഭിപ്രായം വളരെ ബഹുമാനപൂർവ്വം കണക്കാക്കുന്നു. പക്ഷേ ബഹുമാനപൂർവ്വം ഭരണ സമിതിയോട് പറയുകയാണ്. ഇതിനകത്ത് വന്നിരിക്കുന്നത് ഭരണ സമിതിയ്ക്ക് വളരെ സൂക്ഷ്മമായി പഠിക്കുവാൻ കഴിയുന്നതാണ്. ഇന്നത്തെ സാഹചര്യത്തിൽ ഇതിൽ നമ്മൾ എന്തെങ്കിലും പാസാകുവാൻ വേണ്ടി പാസാക്കുക എന്ന് പറയുന്നത് നമ്മൾ ഈ സഭയോടും ഈ സ്റ്റാറ്റ്യൂട്ടിനോടും കാണിക്കുന്ന അനീതിയായി പോകും. ഒളരെ വിനയപൂർവ്വം അദ്ദേഹത്തിന്റെ അഭ്യർത്ഥനയെ പരിഗണിച്ചുകൊണ്ടുത്തന്നെ പറയുന്നു. ഇതൊരു നിയമമാണ്. ജീവനക്കാരുടെ പ്രമോഷനും നിയമനത്തിനുമുള്ളതാണ്. അത് സത്യസന്ധമായി വളരെ നന്നായി സുതാര്യമായി നടപ്പാക്കണം. ആ കാര്യത്തിൽ ഇത്രയും ജനറൽ കൗൺസിൽ അംഗങ്ങളുടെ ഒരു എതിർപ്പ് വന്ന സാഹചര്യത്തിൽ ഭരണസമിതിയും ബഹുമാനപ്പെട്ട വൈസ്ചാൻസിലറും ഇത് ഇനിയും വൈകിക്കരുത്. ഇത് വളരെ അടിയന്തിരമായി സ്റ്റാറ്റ്യൂട്ട് കമ്മിറ്റി യോഗം കൂടി നടപ്പാക്കണം.'' ശ്രീ.എൻ.എൽ.ശിവകുമാർ പറഞ്ഞു.

"ഞാൻ വളരെ പ്രധാനപ്പെട്ട ഒരു കാര്യം ഉന്നയിക്കുന്നത്, ഒരുപക്ഷേ അതിനകത്ത് എല്ലാവരുടെയും വികാരം ഉൾക്കൊള്ളാൻ സാധിക്കില്ല." – ഭരണസമിതിയംഗം ശ്രീ.തോമസ് ഉണ്ണിയാടൻ എം.എൽ.എ. പറഞ്ഞു.

"13.08.2013, 9.10.2013, 3.11.2013, 16.12.2013 ഈ നാല് തീയ്യതികളിൽ വെള്ളായണി കോളേജിൽ കൂടിയിട്ടുള്ള സ്റ്റാറ്റ്യൂട്ട് കമ്മിറ്റി മീറ്റിംങ്ങ് കഴിഞ്ഞത് രാത്രി ഒമ്പതരക്കാണ്. അത്ര നേരം ഇരുന്ന് വളരെ ഉത്തരവാദിത്വപൂർവ്വം ഇതു ചെയ്തതായതുകൊണ്ട് പലരോടും ഉത്തരം പറയേണ്ടി വരും. കാരണം ഇതിൽ ഒന്നു ചെയ്തു മറ്റൊന്ന് ചെയ്തില്ലായെങ്കിൽ ബുദ്ധിമുട്ടുകൾ വരും അത് ഒഴിവാക്കുവാനായി എല്ലാവരും കൂടി ചെയ്യണം എന്നുള്ളതു കൊണ്ടാണ് Teaching ന്റേയും Non Teaching ന്റേയും അതിലൊരു ബുദ്ധിമുട്ടും ഇല്ലാത്ത രീതിയിലും, എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഇത് അറിയാവുന്ന രീതിയിലും ചെയ്യണം എന്ന് പറയുന്നത്. കാരണം ഓരോന്നിന്റെയും നിലവിലുള്ള നിയമനങ്ങൾ, ഉത്തരവുകൾ ഇതെല്ലാം എടുത്തുകൊണ്ടു തന്നെയാണ് അതിൽ ഇല്ലാത്തതും സമാനമായി സർക്കാരിലുള്ളതും ആ രീതിയിലുള്ളതും കൂടി കണ്ടുപിടിച്ചിട്ടാണ് ഇതെല്ലാം ചെയ്തിട്ടുള്ളത്. ഒന്നോ രണ്ടോ പോസ്റ്റുകൾ ഒഴികെ ബാക്കി എല്ലാത്തിനും സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കി കഴിഞ്ഞതാണ്. അപ്പോൾ അത് പരിഗണിക്കാതെ നമുക്കിത് ജനറൽ കൗൺസിലിൽ പാസാക്കിപോയി എന്നു പറഞ്ഞാൽ ജനറൽ കൗൺസിലിൽ പാസാക്കുവാൻ കൂട്ടു നിന്നതിന്റെ പേരിൽ നമുക്ക് ഉത്തരം പറയേണ്ടിവരുന്നതു കൊണ്ട് മാത്രം ഇത് നേരത്തെ പറഞ്ഞതുപോലെ നമുക്ക് ഈ അപാകതകൾ പരിഹരിച്ചു കൊണ്ട് വെക്കുവാൻ ആവശ്യപ്പെടുന്നത് എന്ന് വെച്ചാലും നമ്മൾ തയ്യാറാണ്. അതിന്റെ അപാകതകൾ പരിഹരിച്ച് കൃത്യമായ രീതിയിൽ ആയില്ലെങ്കിൽ അത് കൂടുതൽ കുഴപ്പങ്ങളിലേക്ക് പോകും. അധ്യാപകരുടെ തലത്തിലായാലും അനധ്യാപകരുടെ തലത്തിലായാലും അത് നേരത്തെ സൂചിപ്പിച്ചതു പോലെ ഈ സബ് കമ്മിറ്റികളെ മുഖവിലയ്ക്ക് എടുക്കുന്നില്ലെങ്കിൽ ഇത്തരം സബ് കമ്മിറ്റികൾ ഇനി ഉണ്ടാക്കുവാൻ തീരുമാനിച്ച ജനറൽ കൗൺസിൽ തന്നെ അത് വേണ്ടായെന്നു വെക്കുന്നതായിരിക്കും നല്ലത് എന്നുള്ള അഭിപ്രായം എനിക്കുണ്ട്." ശ്രീ.കെ.ഗിരീന്ദ്രബാബു പറഞ്ഞു.

"നല്ലൊരു ഉദ്ദേശത്തോടെയാണ് ഞാൻ ചെയ്തത്, അത് വേണ്ട എന്നുണ്ടെങ്കിൽ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളുണ്ട്, ഇതിന്റെ ചെയർ പേഴ്സനുണ്ട്. അതിൽ വേണ്ട modification വെച്ച് അടുത്ത ഒരു മീറ്റിംങ്ങ് വെക്കട്ടെ, തിയ്യതി നിശ്ചയിച്ചോളു എനിക്ക് ഒരു പ്രശ്നവുമില്ല". അദ്ധ്യക്ഷൻ പറഞ്ഞു.

"ഇവിടെ ജനാധിപത്യ വിരുദ്ധമായി നടപടികൾ ഉണ്ടാകുവാൻ പാടില്ല" – ശ്രീ.കെ.സുനിൽകുമാർ പറഞ്ഞു.

"ചെയർപേഴ്സൺ മാത്രമായിട്ട് പാടില്ല" ശ്രീമതി.കെ.രമണീഭായ് പറഞ്ഞു.

(ബഹളം……)

"ഈ സർവ്വകലാശാല തുടങ്ങിയിട്ട് കൊല്ലങ്ങളായി കാര്യങ്ങൾ നടത്തി വരുന്ന ഒരു രീതിയുണ്ട്. അതിന് വിരുദ്ധമായാണ് ഇപ്പോൾ നടക്കുന്നത്." – ഡോ.എ.അനിൽകുമാർ പറഞ്ഞു.

“ഇതിൽ അങ്ങനെയൊന്നും ഇല്ല.” – അദ്ധ്യക്ഷൻ പറഞ്ഞു.

(ബഹളം……)

“പലപ്പോഴും ഇവിടെ വെക്കുന്ന നിർദേശങ്ങൾ അതാത് ജനറൽ കൗൺസിലിൽ അംഗീകരിക്കുകയും അത് നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്നതിന് ഒരുപാട് ഉദാഹരണങ്ങൾ ഉണ്ട്. ഈ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഈ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നില്ല എന്നുള്ള വിമർശനം ഉന്നയിക്കുന്നുണ്ട്. ഇവിടെ വൈസ്ചാൻസിലറും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥവൃന്ദവും നടത്തുന്ന കാര്യങ്ങളിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഇടപെടുന്നില്ല എന്നുള്ള ഒരു കാര്യം ഞാൻ ഉന്നയിക്കുവാൻ ആഗ്രഹിക്കുകയാണ്. അതു മാത്രമല്ല കഴിഞ്ഞ ജനറൽ കൗൺസിലിനു മുമ്പ് ഞാൻ സൂചിപ്പിച്ചതാണ്. നമ്മുടെ രാഷ്ട്രീയപക്ഷപാതത്തെ കാണിച്ചുകൊണ്ട് ഉദ്യോഗസ്ഥരെ വിളിക്കുന്ന കാര്യം അഗ്രികൾച്ചർ കോളേജ്, വെള്ളായണി ഡീനിനെ വിളിക്കാറില്ല എന്ന് ഉന്നയിച്ചപ്പോൾ വൈസ്ചാൻസിലർ പറഞ്ഞു, ഞാൻ അറിഞ്ഞിരുന്നില്ല ഇനിയൊരിക്കൽ വിളിക്കാമെന്ന് പറഞ്ഞു ഒരിക്കൽ വിളിച്ചു ഈ തവണ വിളിച്ചിട്ടില്ല ഇവിടെ എല്ലാ കാര്യങ്ങളും ചില ഉദ്യോഗസ്ഥന്മാരെ ഒഴിവാക്കുന്നുണ്ട്. ഇത്രയും ഉത്തരവാദിത്വമില്ലാത്ത ഒരു ഭരണസമിതി ഇതുവരെ ഉണ്ടായിട്ടില്ല, ഡീനിന്റെ അധികാരങ്ങളെ ചുരുക്കുവാനുള്ള ബോധപൂർവ്വമായ ശ്രമം ഞാനിതിൽ കാണുകയാണ്.” – ഡോ.എ.അനിൽകുമാർ പറഞ്ഞു.

(ബഹളം……)

“എക്സിക്യൂട്ടീവ് കമ്മിറ്റി കുറച്ച് കൂടി ഗൗരവമായി ഈ വിഷയത്തിൽ ശ്രദ്ധ ചെയ്യേണ്ടതുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്.” – ശ്രീ.ഫ്രാൻസിസ് കൊമ്പാറ പറഞ്ഞു.

“ബഹുമാനപ്പെട്ട വൈസ്ചാൻസിലറിനോട് ഒരു കാര്യം സൂചിപ്പിക്കുവാനുള്ളത് ഈ കാർഷിക സർവ്വകലാശാലയുടെ ഒന്നിച്ചുള്ള വളർച്ചയ്ക്ക് നമ്മൾ എല്ലാ വിഭാഗം ജനങ്ങളുടേയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. എല്ലാ വിഭാഗം ആളുകളെയും ഒരുമിച്ച് കൊണ്ടുപോകുന്ന ഒരു സിസ്റ്റം നമുക്ക് കാണണം. സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിൽ പാസാക്കാത്ത കാര്യം നമ്മുടെ ജനറൽ കൗൺസിൽ പാസാക്കി വരുന്നതിൽ ആരെങ്കിലും ലീഗൽ ആയി ചോദ്യം ചെയ്തു കഴിഞ്ഞാൽ അത് ഇൻവലിഡ് ചെയ്യുമെന്നാണ് ഞാൻ മനസിലാക്കുന്നത്. അതുകൊണ്ട് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിൽ എന്തെങ്കിലും ഭേദഗതി സ്റ്റാറ്റ്യൂട്ട് കമ്മിറ്റി അംഗീകരിക്കാത്ത കാര്യങ്ങൾ ചർച്ച ചെയ്യരുത് ജനറൽ കൗൺസിലിന്റെ അംഗീകാരത്തിന് വന്നെങ്കിൽ നിയമ തടസ്സം ഉണ്ടാക്കും. അതുകൊണ്ട് അതിനെതിരിച്ച് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിൽ പരിഗണിച്ച് അവരുടെയൊരു ശുപാർശ കൂടി വരുത്തി അംഗീകരിക്കുന്നതാണ് തീർച്ചയായും നിയമപരമായി നിലനിൽക്കുവാൻ സാധ്യതയുള്ളതെന്നാണ് എനിക്ക് തോന്നുന്നത്.” ഡോ.എസ്.ദേവനേശൻ പറഞ്ഞു.

“അങ്ങനെയാണെങ്കിൽ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിക്ക് refer ചെയ്യുകയാണല്ലോ നല്ലത്.” ശ്രീ.ഫ്രാൻസിസ് കൊമ്പാറ പറഞ്ഞു.

"നിയമത്തിന്റെ പ്രശ്നം ഉണ്ടെന്ന് എനിക്ക് തോന്നുന്നില്ല. സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിലേക്ക് തിരിച്ചു പോകുവാൻ സമയമുണ്ടെങ്കിൽ അത് ചെയ്യുന്നതു കൊണ്ട് ദോഷവുമില്ല." അദ്ധ്യക്ഷൻ പറഞ്ഞു.

"അത് തിരിച്ചു വന്നാൽ എത്ര വേഗം വേണമെങ്കിലും അത് ചെയ്യാം." ശ്രീ.എൻ.എൽ.ശിവകുമാർ പറഞ്ഞു.

(ബഹളം......)

"ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം മനസിലാക്കണം തിരക്കുപിടിച്ചത് ഇത് എങ്ങനെയെങ്കിലും എത്രയും പെട്ടെന്നിത് നടപ്പാക്കണം എന്നുള്ളതു കൊണ്ടാണ്." അദ്ധ്യക്ഷൻ പറഞ്ഞു.

(ബഹളം......)

"ബഹുമാനപ്പെട്ട എക്സിക്യൂട്ടീവ് അംഗങ്ങൾ മനസ്സിലാക്കേണ്ട കാര്യമായ പ്രശ്നം ഈ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നടപടികളിൽ, വൈസ്ചാൻസിലറും കൂടി നടപ്പാക്കുന്ന നടപടികളിൽ, ഈ ഭൂരിപക്ഷം വരുന്ന ഈ ജനറൽ കൗൺസിലിന്റെ വിശ്വാസം ഇല്ലായെന്ന് പലതവണ പറഞ്ഞു. ഈ ജനറൽ കൗൺസിലിന് ഇവിടെയുള്ള നടപടികളിൽ വിശ്വാസമില്ല. അത് ഒരാൾക്കു പോലും ഇതിൽ എതിർപ്പുണ്ടെന്ന് 90% ഈ എക്സിക്യൂട്ടീവ് കമ്മിറ്റിയുടേയും ഈ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഈ പ്രവർത്തനങ്ങളിൽ നേതൃത്വം വഹിക്കുന്ന വൈസ്ചാൻസിലറുടെ നടപടികളോടുള്ള അ വിശ്വാസം നിരാശയും ബോധ്യപ്പെടുത്തുകയാണ്." ഡോ.എ.അനിൽകുമാർ പറഞ്ഞു.

"ഞാൻ ആദ്യം ചോദിച്ച ചോദ്യത്തിന് അതിന് എനിക്കൊരു മറുപടി തന്നില്ല." ശ്രീമതി.കെ.രമണീഭായ് പറഞ്ഞു.

"ഒരു സബ് കമ്മിറ്റിയെയും നമുക്ക് ചെറുതായി കാണുവാൻ കഴിയില്ല. അങ്ങനെയൊരു സമീപനം ഉണ്ടായെങ്കിൽ തീർച്ചയായും നമുക്കത് പുന:പരിശോധിക്കാം. അങ്ങനെയൊരു സമീപനം ഈ ഭരണസമിതിക്കകത്തു നിന്ന് ബോധപൂർവ്വമായി ഉണ്ടായിട്ടില്ല. അങ്ങനെ ചൂണ്ടികാണിച്ച കാര്യങ്ങൾ നിങ്ങൾക്ക് ആ നിലയിൽ ഉണ്ട് എന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കുവാൻ പറ്റുന്നത്. അപ്പോൾ തീർച്ചയായും സബ് കമ്മിറ്റിക്ക് കൊടുക്കേണ്ട പ്രാധാന്യം കൊടുക്കണം. തന്നെയുമല്ല ഇതുമായി ബന്ധപ്പെട്ട് സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിലെ കാര്യത്തിനകത്ത് ഒരു തരത്തിലുള്ള recommendation നും പാലിച്ചില്ല എന്നുള്ളത് നിങ്ങൾ ചൂണ്ടി കാണിച്ചതെല്ലാം വളരെ ഗൗരവമായ സ്വഭാവമാണ്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് നമുക്ക് അക്കാര്യത്തിൽ യോജിച്ച് പോകുവാൻ പറ്റുന്ന വലിയ ക്രമ പ്രശ്നം ഇല്ലായെന്നു തോന്നുന്ന കാര്യങ്ങൾ ഇതിൽ ഉണ്ടെങ്കിൽ നമുക്ക് പാസാക്കിയെടുത്തു കൊണ്ട് അല്ലാത്ത കാര്യങ്ങൾ അടുത്തതിലേക്ക് എടുക്കാം. ഇപ്പോൾ ഇവിടെ സൂചിപ്പിച്ചത് 5 items ഉം ഇത്തരത്തിൽ എടുക്കുവാൻ പറ്റാത്ത നിലയിലുള്ളതാണെന്ന് ചൂണ്ടി കാണിക്കുകയുണ്ടായി. അത് ഗൗരവമായി കണ്ട് ആ നിലയിൽ കൂടിയാലോചിച്ച് കൊണ്ടു നമുക്ക് ആ നിലയിൽ കൂടു വരുന്നുകൊണ്ട് നമുക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനെ കുറിച്ച് തീർച്ചയായും ഭരണസമിതിയിൽ

തീരുമാനിക്കാം.'' ഭരണസമിതിയംഗം ശ്രീ.തോമസ് ഉണ്ണിയാടൻ.എം.എൽ.എ. പറഞ്ഞു.

''സർ അത് മാറ്റിവെക്കൂ'' ശ്രീ.ഐ.കെ.രവീന്ദ്രരാജ് പറഞ്ഞു.

''ഇതിനകത്ത് ഒരു അടിയന്തിരം സ്വഭാവം നമ്മൾ എല്ലാവരും കാണണം. ഇത് വളരെ ഗുരുതരമാണ്. ഇത് സംബന്ധിച്ച് ഗവൺമെന്റിൽ നിന്ന് പല കത്തുകൾ വന്നു കൊണ്ടിരിക്കുകയാണ്. അങ്ങനെയുണ്ടെങ്കിൽ വളരെ അടിയന്തിരമായി ഈ കാര്യങ്ങൾ നമുക്ക് ചെയ്യണമെന്നുള്ളതാണ്. കാരണം ഇതിപ്പോൾ സബ് കമ്മിറ്റിയോ, എക്സിക്യൂട്ടീവോ അടിയന്തിരമായി കൂടി നമുക്ക് അടുത്ത ജനറൽ കൗൺസിലിനു അടിയന്തിരമായി കൂടി അത് നടപ്പാക്കാം.'' ഭരണസമിതിയംഗം ശ്രീ.തോമസ് ഉണ്ണിയാടൻ.എം.എൽ.എ. പറഞ്ഞു.

(ബഹളം......)

''ഇത് തിരിച്ചുവിടാനാണ് തീരുമാനിക്കുന്നതെങ്കിൽ ബന്ധപ്പെട്ട വ്യക്തികളായിട്ടുള്ള ചർച്ച കൂടി നടത്തണം എന്നൊരു അഭ്യർത്ഥനയുണ്ട്. ബന്ധപ്പെട്ട വ്യക്തികളെന്നാൽ ജീവനക്കാരാണെങ്കിൽ ജീവനക്കാർ, അദ്ധ്യാപകരാണെങ്കിൽ അദ്ധ്യാപകരായിട്ടോ അവരുടെ സംഘടനകളായിട്ടോ പരാതി സ്വീകരിക്കുക. ആ പരാതി സ്വീകരിച്ച് ഒരു നാലഞ്ച് ദിവസം കൊടുത്തിട്ട് ഈ കരട് പ്രസിദ്ധീകരിച്ച് ഉള്ള ഒരു രീതി വേണം. ശമ്പള പരിഷ്കരണത്തിനനുസരിച്ച് ഒരു സ്റ്റാറ്റ്യൂട്ട് ഉണ്ടായി വരുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഈ ശമ്പള പരിഷ്കരണം as such സർവ്വകലാശാല അംഗീകരിച്ചിട്ടില്ല. അതിന് ഭേദഗതികൾ നമ്മൾ already വരുത്തികൊണ്ടിരിക്കുകയാണ്. എക്സിക്യൂട്ടീവ് കമ്മിറ്റി വളരെ ബോൾഡായി ഒരു തീരുമാനം എടുത്ത് മുന്നോട്ട് പോകുകയാണ് ആ സാഹചര്യത്തിൽ അതനുസരിച്ച് ഈ ശമ്പള പരിഷ്കരണത്തിൽ കഴിഞ്ഞ ശമ്പള കമ്മീഷൻ എടുത്ത നിലപ്പാടുകൾ പലതും സർവ്വകലാശാലയ്ക്ക് അംഗീകരിക്കുവാൻ പറ്റാത്തതാണ്. അതിൽ ഏറ്റവും വലിയ ഉദാഹരണം ഡിപിപി യുടെ തന്നെയാണ്. എല്ലാ കാർഷിക സർവ്വകലാശാലയിലും ഐ സി എ ആർ പാറ്റേൺ വന്നിട്ടുള്ള ഒരു സ്ഥാപനമാണ്. അതിന് വളരെ കുറച്ച് മാത്രം ജോലി നടക്കുന്ന സർവ്വകലാശാലകളുമായി ബന്ധപ്പെടുത്തി ഈക്വലൈസ് ചെയ്തിരിക്കുകയാണ്. ഇത് വളരെ യാന്ത്രികമാണ്. ഇത് പരിശോധന നടത്തേണ്ടതാണ്. അത് അതേ പടി അംഗീകരിച്ചു പോകണമെന്ന് പറഞ്ഞാൽ വളരെ ബുദ്ധിമുട്ടാണ്. സർവ്വകലാശാലയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുകയെന്നു പറഞ്ഞാൽ. അപ്പോൾ ശമ്പള കമ്മീഷന്റെ ആ ശുപാർശകൾ ആകെ തന്നെ ഞാൻ മനസിലാക്കുന്നത് അന്നത്തെ മന്ത്രിസഭ തള്ളിക്കളഞ്ഞതുമാണ്. എന്നീട്ട് അത് വീണ്ടും സർവ്വകലാശാലയിൽ അടിച്ചേൽപ്പിക്കുവാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരുക്കുമ്പോൾ നമ്മുടെ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി അങ്ങനെ മുന്നോട്ട് പോകാമെന്നുണ്ടെങ്കിൽ അത് അപകടമാണ്. അത് പുന:പരിശോധിക്കേണ്ടതാണ്. ശമ്പള കമ്മീഷന്റെ ഉത്തരവനുസരിച്ച് സ്റ്റാറ്റ്യൂട്ട് മാറ്റേണ്ടതുണ്ടോ എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ച് പോകേണ്ടതാണ്. അത് ജീവനക്കാർ ആലോചിക്കാതെ മുന്നോട്ട് പോകരുത്.'' ശ്രീ. വി.എസ്.സത്യശീലൻ പറഞ്ഞു.

''സർ, ഒരുകാര്യം പറഞ്ഞോട്ടെ നമ്മൾ മുഴുവൻ എക്സിക്യൂട്ടീവ് അംഗങ്ങളും മുഴുവൻ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി അംഗങ്ങളും ഉൾപ്പെടെയുള്ള ഒരു സഭയാണ് ഇവിടെ ഇരിക്കുന്നത്. നമ്മൾ പിന്നീട് ചർച്ച ചെയ്യാതെ നടപടി

ക്രമങ്ങളിലെ ചട്ടലംഘനം മാത്രം പറഞ്ഞുകൊണ്ട് പോകുന്നതിന് ഉപരിയായി ഇതിനകത്ത് എന്തെല്ലാം മാറ്റങ്ങളാണ് വരുത്തേണ്ടത് എന്നുള്ളൊരു നിർദ്ദേശം കൂടി വെച്ചിട്ടു മാറ്റുന്നതായിരിക്കും നല്ലത്. ഏത് രീതിയിൽ ചെയ്യണമെന്ന് പറഞ്ഞല്ലോ അത്തരം കാര്യങ്ങൾ ഇതുപോലെ തന്നെ അടുത്ത തവണയും വരും". ഡോ.വി.എം.അബ്ദുൾ ഹക്കീം പറഞ്ഞു.

" എനിക്ക് ഒരു കാര്യം പറയുവാനുള്ളത് ഞാൻ ഒരു തെറ്റിധാരണ നീക്കാനാണ് ശ്രീ. സത്യശീലൻ പറഞ്ഞതുപ്പോലെ നമ്മൾ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി, പേറിവിഷന്റെ കണ്ടെത്തലുകള അംഗീകരിച്ചിരിക്കുകയല്ല. ഞാൻ പറഞ്ഞത് ഡി.പി.പിയുടെ സ്റ്റാറ്റ്യൂട്ട് ഈ പേ റിവിഷൻ വരുത്തുന്നതിന് മുമ്പുള്ള സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പാസാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് തന്നെ അതിന് മാറ്റം വരുത്തുമ്പോൾ ആ കാര്യങ്ങളെല്ലാം സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിലേക്ക് വരേണ്ടതായിരുന്നു അല്ലാതെ പേ റിവിഷൻ അനുസരിച്ചല്ല അത് പേറിവിഷൻ വെട്ടികളഞ്ഞിട്ടുള്ള തസ്തികകൾക്കെല്ലാം അതിനു മുമ്പ് നിലവിലുള്ള സ്റ്റാറ്റ്യൂട്ട് ആണ് എല്ലാ തസ്തികകളിലേയ്ക്കും ഉണ്ടാക്കിയിട്ടുള്ളത്".

"പേ കമ്മീഷനിൽ വരുത്തിയ വ്യത്യാസത്തിനേക്കാൾ വ്യത്യസ്ഥമായി നിലവിൽ സർവ്വകലാശാലയുള്ള change തന്നെയാണ് വരുത്തിയത്. പക്ഷേ മറ്റുള്ളതിനകത്ത് ഈ പേ കമ്മീഷനിൽ വരുന്നതിനും മുമ്പേ ഒരു സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പരിഗണിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റി പാസാക്കുകയും ചെയ്ത ആറ് വർഷം മുമ്പുള്ള സ്റ്റാറ്റ്യൂട്ടാണ് അതിൽ വന്നത്. ആ കാര്യം Revise ചെയ്ത് ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയിൽ വന്നില്ല". ശ്രീ.കെ.ഗിരീന്ദ്ര ബാബു പറഞ്ഞു.

"ഇതിൽ എന്റെ ഒരു suggestion, ഈ വരുത്തിയിരിക്കുന്ന വ്യത്യാസങ്ങൾ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി വീണ്ടും പഠിക്കട്ടെ. അവർ പഠിച്ച് എത്രയും പെട്ടെന്ന് ഒരു തിയ്യതി തീരുമാനിക്കുക. എക്സിക്യൂട്ടീവ് കമ്മിറ്റി വെയ്ക്കുക. പക്ഷേ ഒരു കാര്യം എനിക്കിത് എത്രയും വേഗത്തിൽ നടത്തികൊണ്ട് പോകണം എന്നാണ്" അദ്ധ്യക്ഷൻ പറഞ്ഞു.

"സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ഒരു തീരുമാനത്തിലെത്തി ഒരു തിയ്യതി നിശ്ചയിച്ചു കഴിഞ്ഞാൽ ആ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയ്ക്കാണോ അത് ഫിക്സ് ചെയ്യാനുള്ള അധികാരം? അതോ വൈസ് ചാൻസിലർക്കാണോ?" ശ്രീ. കെ. രമണീഭായ് ചോദിച്ചു

"പല കാര്യങ്ങളിലും അത് interpretation ആണ്. കാരണം എനിക്കിപ്പോൾ ഇത് examine ചെയ്യണം ഇതൊന്ന് നോക്കണം എന്നു വിചാരിച്ചാൽ വൈസ് ചാൻസിലർക്ക് അത് മാറ്റി വെയ്ക്കാം." അദ്ധ്യക്ഷൻ പറഞ്ഞു

(ബഹളം..............)

"ഇത് തിയ്യതി ഫിക്സ് ചെയ്യുന്നത് കമ്മിറ്റി തന്നെയാണ്." ശ്രീമതി കെ. രമണീഭായ് പറഞ്ഞു.

(ബഹളം..............)

"ബഹുമാനപ്പെട്ട ഗവൺമെന്റ് സെക്രട്ടറിയും ഈ മൂന്ന് എം എൽ എ മാരും എക്സിക്യൂട്ടീവ് അംഗങ്ങളും അറിയുവാൻ ഈ സ്റ്റാറ്റ്യൂട്ട് വേഗത്തിൽ നിർമ്മിക്കുവാൻ ശ്രമിക്കുന്നുണ്ടല്ലോ? ഈ സഭ ഐക്യകണ്ഠേന പാസാക്കി

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സ്പെഷൽ റിക്രൂട്ട്മെന്റ് നടത്താൻ മാസം 7 കഴിഞ്ഞു. ശ്രീ.ഐ.കെ.രവീന്ദ്ര രാജ് ചോദിച്ചു.

'' അതിന് സ്റ്റാറ്റ്യൂട്ട് ഇല്ലല്ലോ'' അദ്ധ്യക്ഷൻ പറഞ്ഞു.

'' സഭയുടെ മൊത്തം വികാരം എടുത്തുകൊണ്ടാണ് നമ്മുടെ വൈസ് ചാൻസിലർ അവസാനം പറഞ്ഞത്. നമ്മൾ ഇങ്ങനെ സംസാരിച്ചു പോവുകയല്ല വേണ്ടത്. ഒരു തീരുമാനത്തിലെത്താം. അതുകൊണ്ടാണ് പറഞ്ഞത് സ്റ്റാറ്റ്യൂട്ട് സബ്ബ് കമ്മിറ്റി എത്രയും പെട്ടെന്ന് കൂടി ഒരു തീരുമാനം എടുത്ത് മാറ്റങ്ങൾ പരിശോധിച്ച് change examine ചെയ്ത് പെട്ടെന്ന് ശരിയാകണം'' ഭരണ സമിതിയംഗം ശ്രീ. എം.പി.വിൻസെന്റ്. എം.എൽ.എ പറഞ്ഞു.

''സർ, ഈ ചർച്ചയെ കുറിച്ച് എന്ത് പറയുന്നു'' ശ്രീ. വി.എസ്.സത്യശീലൻ ചോദിച്ചു.

(ബഹളം.......................)

''ഡോ. അനിൽ കുമാർ, ഈ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി suggestion എന്താണെന്നാൽ with മോഡിഫിക്കേഷൻ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് Examine ചെയ്യാമല്ലോ. അതാണ് ഞാൻ മനസിലാക്കുന്നത്. അതുകൊണ്ട് സ്റ്റാറ്റ്യൂട്ട് കമ്മിറ്റി പറഞ്ഞ ഡിറ്റോ word by word നമ്മൾ accept ചെയ്യണമെന്ന് പറയുന്നത് ശരിയല്ല'' അദ്ധ്യക്ഷൻ പറഞ്ഞു.

''മാറ്റങ്ങൾ സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയെ അറിയിക്കണമെന്നാണ് പറഞ്ഞത്. അത് സാധാരണ ചെയ്യാറുള്ളതാണ്.'' ശ്രീ. കെ. ഗിരീന്ദ്ര ബാബു പറഞ്ഞു.

''ഇങ്ങനെ വന്നതെന്തെന്നാൽ നേരത്തെയുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് കൊടുത്തതിന്റെ, ശ്രീ.ശിവകുമാർ പറഞ്ഞതുപോലെ Existing, proposed. Remarks ഇവയെല്ലാം ആയിട്ടാണ് കൊടുത്തിരിക്കുന്നത്. അത് കഴിഞ്ഞശേഷം നോട്ടിഫിക്കേഷൻ മോഡിലാണ് ഇത് വെയ്ക്കേണ്ടത് എന്നുപറഞ്ഞത് കൊണ്ടാണ് ഇങ്ങനെയാക്കിയത്'' അദ്ധ്യക്ഷൻ പറഞ്ഞു.

(ബഹളം.........................)

''സ്റ്റാറ്റ്യൂട്ട് കമ്മിറ്റിയുണ്ടാക്കിയതിൽ ഇതിനെകുറിച്ച് എന്താണ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അഭിപ്രായം'' ഡോ. മേരി റജീന. എഫ് ചോദിച്ചു.

''ഇനിയൊരു ചർച്ചയുടെ ആവശ്യമില്ല. തീരുമാനം എടുത്തു കഴിഞ്ഞു. അപ്പോൾ അതിന്റെയൊരു തിയ്യതി നിശ്ചയിക്കുക. അതിനുശേഷം സ്റ്റാറ്റ്യൂട്ട് കമ്മിറ്റി Re examine ചെയ്യുകയും ഈ പറഞ്ഞ മോഡിഫിക്കേഷൻ Re examine ചെയതതിനുശേഷം ഒരു തിയ്യതി തീരുമാനിക്കുക. വൈസ് ചാൻസിലറെ മുൻകൂട്ടി അറിയിക്കണം'' അദ്ധ്യക്ഷൻ പറഞ്ഞു.

''സർ തിയ്യതി പറഞ്ഞുകൊള്ളു''. ഭരണസമിതിയംഗം ശ്രീ. തോമസ് ഉണ്ണിയാടൻ എം.എൽ.എ പറഞ്ഞു.

''അത് ചെയർമാൻ തീരുമാനിക്കട്ടെ'' ശ്രീ. വി.എസ്.സത്യശീലൻ പറഞ്ഞു.

“ഞാൻ നേരത്തെ പറഞ്ഞ ഒരു കാര്യമാണ് അടുത്ത തവണ വെയക്കുമ്പോൾ ഏത് ഫോർമാറ്റിൽ വെയ്ക്കണമെന്നുള്ളത്. ഈ GO ഫോർമാറ്റിൽ വെയ്ക്കണോ എന്നുള്ളത്” ഡോ. വി.എം.അബ്ദുൾ ഹക്കീം പറഞ്ഞു

“ഒരു ഫോർമാറ്റ് എന്തായാലും ഉണ്ടാകണം അതിന്റെ മുമ്പ് Background remarks വേണമെങ്കിൽ വെയ്ക്കാം” അദ്ധ്യക്ഷൻ പറഞ്ഞു.

“Background mode ൽ കുറിപ്പ് വെയ്ക്കുന്നുണ്ടെങ്കിലും ആ കുറിപ്പ് ആ രൂപത്തിലാക്കണം” ഡോ. ജിജു പി അലക്സ് പറഞ്ഞു.

(ബഹളം............................)

“ഫോർമാറ്റ് എന്തായാലും നിയമപരമായ ഫോർമാറ്റ് മതി. എന്നാൽ details വേണം. അതിനകത്ത് ചർച്ച ചെയ്യുന്നതിനായുള്ള വിവരങ്ങൾ അതിനകത്ത് വേണം” ഡോ. ജിജു പി അലക്സ് പറഞ്ഞു.

“ഇതു സംബന്ധിച്ച് ജീവനക്കാരുടെ നിർദ്ദേശങ്ങൾ അവർ എഴുതി തരുന്നത് തീർച്ചയായും ആ വാങ്ങണം” ഭരണ സമിതിയംഗം ശ്രീ. തോമാസ് ഉണ്ണിയാടൻ പറഞ്ഞു.

(ബഹളം................)

“ഞാൻ ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് ശ്രീ. ഐ.സി.ബാലകൃഷ്ണൻ, എം.എൽ.എ യ്ക്ക് എന്തെങ്കിലും പറയുവാനുണ്ടോ?” ശ്രീ. ഐ.കെ. രവീന്ദ്രരാജ് ചോദിച്ചു.

“സ്റ്റാറ്റ്യൂട്ട് ഉണ്ടാകുമ്പോൾ നിയമപരമായിട്ട് എല്ലാ വകുപ്പുകളിലും ഈ സംവരണം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള സ്റ്റാറ്റ്യൂട്ട് ആയിരിക്കണം. നിയമപരമായി അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിൽ എസ് സി/എസ് ടി യുടെ നിയമനം നടക്കുമ്പോൾ തന്നെ ഈ സംവരണം പാലിക്കുന്നില്ലായെന്നുള്ളത് വ്യാപകമായി പരാതിയുണ്ട്. അതും കൂടി പരിഹരിക്കണം” ഭരണ സമിതിയംഗം ശ്രീ. ഐ.സി. ബാലകൃഷ്ണൻ, എം.എൽ.എ പറഞ്ഞു.

“ഇതിലെ വിഷയം സംവരണം പാലിക്കുകയെന്നുള്ളതല്ല. ഇവിടെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നുണ്ട്. പക്ഷേ Back log ഇവിടെയുണ്ട് അതുകൊണ്ട് സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തുക എന്ന ആവശ്യമാണ് എന്നുള്ളതാണ് ഇവിടുത്തെ വിഷയം” ഡോ.എ.അനിൽകുമാർ പറഞ്ഞു.

“ ഈ തീരുമാനം എടുത്തതാണ് പക്ഷേ ഈ സ്റ്റാറ്റ്യൂട്ട് ഇല്ലായെന്ന് പറഞ്ഞാണ് പോകുന്നത്. ജനറൽ കൗൺസിൽ വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിൽ തീരുമാനമെടുത്ത് മുന്നോട്ട് പോകുവാൻ ഒരുങ്ങിയപ്പോൾ തന്നെ ഈ സ്റ്റാറ്റ്യൂട്ട് ഇല്ലായെന്നുള്ള കാര്യം റിമൈൻഡ് ചെയ്തുകൊണ്ട് എന്നെ അറിയിക്കുകയുണ്ടായി. അതുകൊണ്ടാണ് ഇത് നടത്തുവാൻ സാധിക്കാതെ ആയത്.” അദ്ധ്യക്ഷൻ പറഞ്ഞു.

''സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തണമെന്നാണ് ആവശ്യപ്പെട്ടത് അല്ലാതെ സംവരണം പാലിക്കുവാനല്ല. അതായത് Back log വെച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള സംവരണം ഉറപ്പുവരുത്തുവാനായി സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തണമെന്നാണ് നമ്മൾ തീരുമാനിച്ചത്. അപ്പോൾ അതിനുള്ള നടപടികളുമായി നമ്മൾ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. അത് ഒരുപാട് വൈകുന്നു.'' ഡോ. എസ്. ദേവനേശൻ പറഞ്ഞു.

'' മാത്രമല്ല ഇതുപോലെ ഗവൺമെന്റ് തന്നെ ഒരു തീരുമാനമെടുത്തു. സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തിയാണ് 700 ഫോറസ്റ്റ് ഗാർഡ് മാരെ നിയമിക്കുന്നത്. അതേപ്പോലെ ഈ സദസിൽ തീരുമാനം എടുത്ത് സ്പെഷൽ റിക്രൂട്ട്മെന്റ് നടത്താം'' ഭരണ സമിതിയംഗം ശ്രീ. പി.സി.ബാലകൃഷ്ണൻ എം.എൽ.എ പറഞ്ഞു.

''അല്ല തീരുമാനം ആദ്യം തന്നെയുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റിയെടുത്ത തീരുമാനമുണ്ട്. അത് നടപ്പിലാക്കിയാൽ മതി. അത് ചെയ്യേണ്ടത് നിങ്ങളാണ്.'' ഡോ. എ.അനിൽകുമാർ പറഞ്ഞു.

''അതിന്റെ details ഇപ്പോഴെല്ലെ കിട്ടിയത് അത് ഉടൻ തന്നെ ചെയ്യാമെന്ന് പറഞ്ഞല്ലോ?. അപ്പോൾ ഈ യോഗം പിരിച്ചു വിട്ടിരിക്കുന്നു. നേരത്തെ തീരുമാനിച്ചതുപോലെ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി ചെയർ പേഴ്സണും, എക്സിക്യൂട്ടീവ് കമ്മിറ്റിയും കൂടി ആലോചിച്ച ശേഷം ഒരു തിയ്യതി നിശ്ചയിക്കുക. ഇത് എത്രയും വേഗം ചർച്ച ചെയ്ത ശേഷം അടുത്ത കമ്മിറ്റിയിൽ എടുക്കുക. ഫോർമാലിറ്റീസിന്റ issue മാത്രം പറഞ്ഞ് ഇത് നീട്ടികൊണ്ടുപോകുവാൻ പാടില്ല. ദയവായി അംഗങ്ങൾ അടുത്ത തവണയെങ്കിലും ശ്രദ്ധിക്കുക. എത്രയും പെട്ടെന്ന് നടന്നാൽ കൊള്ളാം എന്നുള്ള പ്രതീക്ഷ ഉണ്ടായിരുന്നു. പിന്നെ സ്റ്റാറ്റ്യൂട്ട് കമ്മിറ്റി നാളെ വെച്ചിരിക്കുന്നത് മാറ്റി വെച്ചതിനുള്ള Explanation തന്നുകഴിഞ്ഞു. ചെയർ പേഴ്സൺ അതിൽ സംതൃപ്തയാണ് എന്നുതോന്നുന്നു.'' അദ്ധ്യക്ഷൻ പറഞ്ഞു

(ബഹളം......................)

യോഗം രാവിലെ 10.30 ന് പിരിഞ്ഞു.

വൈസ് ചാൻസിലർ & ചെയർമാൻ

143/75/7/2014

KAU Press, Mannuthy